
ആഗ്നേയ
2020
DEVAMATHA COLLEGE Kuravilangadu



# College Management



**Mar Joseph Kallarangattu**
Patron



**Rev. Dr. Joseph Thadathil**
Manager



**Rev. Fr. Kuriakose Vellachalil**
Bursar



**Dr. Jojo K. Joseph**
Principal



**Fr. Dinoy Kavalammackal**
Vice Principal

# ARTS DAY




















# Message from the Principal



As the saying goes 'the only constant in life is change'; the Covid 19 pandemic has brought about unprecedented changes in all walks our ever day life. In fact the world is witnessing the worst situation ever since the Second World War in the field of loss of employment opportunities and recession in economic activities. One major strategy adopted by nations and corporations round the globe to fight the setbacks imposed by the outbreak of the epidemic, is through the accelerated usage of IT and related technology. That is why Online Learning Management Systems [LMS] have been extensively adopted by all the higher education institutions. Currently our college is using the online mode not only for curricular transactions, but also for organizing various co-curricular and extracurricular activities. In tune with such initiatives, it is heartening to note that the College Students Council for the year 2019-20 is coming out with the online version of the College Magazine along with the traditional hard copy mode.

Amidst all the Corona related setbacks, the previous year's U G final year academic results of the college was really a reason for cheer to all members of Deva Matha family. By the Grace of God, we could bag a total of 24 University rank positions, of which 5 are first ranks, 3 are second ranks and 2 are third ranks. I take this opportunity to appreciate the faculty members for their sincere contributions in bringing this laurel to the college. Indeed it is the wholehearted co-operation of the student community with the college authorities that lead to the wonderful academic achievement.

The Students Council for 2019-20 which displayed effective leadership deserves special appreciation. As you all remember, we had fixed the College Day on March 9th Monday to mark the winding up of the college union activities. Unexpectedly, on 8th March evening holiday was declared by the government authorities as the initial step of Corona prevention measures and the annual day celebrations did not take place. In that context we could not present the activity reports for the academic year before the stakeholders. I hope that this magazine would compensate that forced setback by showcasing all the major events and achievements of the previous academic year.

Hearty congratulations to all the students whose names or photos find a place in this magazine either as authors, achievers, performers or organizers, since it is an indication of their initiative and skill. At the same time, let me remind them to progress from the present status, since 'success comes to those who work hard and stays with those who doesn't rest on the laurels of the past'.

In the context of Covid 19 pandemic and the resultant economic slowdown, publication of this College Magazine was a big challenge to due to lack of financial support from the business community in the form of advertisements. I take this opportunity to express the gratitude of the college to the Editorial Board of this magazine for making it a reality, by printing hard copies with the available funds and compensating the deficiency with soft copies. The digital copy will certainly increase the reach and readability of the magazine. It is my wish that let this be a beginning for the practice of bringing out the magazine in soft copy form in the coming years too.

**Dr Jojo K Joseph**
Principal

# College Union : 2019-20



Chairperson
**Karthik T. O**
(3rd dc economics)



Vice chairperson
**Gayathri Shabhu**
(2nd dc English literature)



General Secretary
**Rahul Summon**
(3rd dc B.Com Computer application)



Arts club secretary
**Akhil P S**
(3rd dc Malayalam)



University union councilor
**Ratheesh Thomas**
(1st dc malayalam)



University union councilor
**Aswin R**
(2nd dc English thriple main)



Magazine editor
**Akash K A**
(2nd dc B.Com co-operatio



Lady representative
**Anit Grace Thomas**
(2nd dc B.Com co-operation)



Lady representative
**Sirajunisa N A**
(2nd dc Zoology)



1st dc representative
**Amal Binu**
(1st dc Botany)



2nd dc representative
**Praveen Kumar**
(2nd dc Botany)



1st PG Representative
**Dennies Mathew**
(1st PG Chemistry)



2nd PG Representative
**Rinto Sabu**
(2nd PG M.Com)



3rd dc representative
**Aby Thomas**
(3rd dc B.Com Co-operation)



Sports Secretary
**Nevil George**
(1st PG Mathematics)

# *Editorial Board*



**Dr. Ciby Kurian**
Chief Editor



**Akash K.A.**
Student Editor



**Dr. Jobin Jose**
Staff Editor



**Ms. Deepa Thomas**



**Dr. Sr. Fancy Paul**



**Megha. P. Kumar**
(2nd dc Thriple main)
Sub editor



**Melbin**
(2nd dc B. Com Co-operation)
Sub editor



**Angel baby**
(2 nd dc Thriple main)
Sub editor

# UNION INAUGURATION







# കലോത്സവം

ARTS FEST 2020

# ARTICLE 14

2020 FEB 27 MARCH 02 | THODUPUZHA











# Editor's Desk


പൊടി പിടിച്ചു കിടന്ന കഴിവുകളെയെല്ലാം
മിനുക്കിയെടുക്കാൻ അവസരം നൽകിയ
തിരിച്ചറിവിന്റെ, അതിജീവനത്തിന്റെ ഒരു
കൊറോണ കാലമാണ് നമ്മെ കടന്നു പോയത്.

കോവിഡ് പ്രതിസന്ധികൾ മൂലം പൂർത്തിയാക്കാൻ
കഴിയാതെ പോയ കോളേജ് യൂണിയൻ മാഗസിൻ
കുറെ കൈകളുടെ കഷ്ടപ്പാടിന്റെ ഫലമായി,
പ്രതിസന്ധികളെ തരണം ചെയ്ത്
പൂർത്തീകരിച്ചിരിക്കുകയാണ്.

കൊറോണ കാലം നമ്മെ പഠിപ്പിച്ച പാഠം പോലെ,
അതിജീവനത്തിന്റെ ഒരടയാളമായി,
കഴിഞ്ഞു പോയ കാലത്തെ സൂക്ഷിച്ചുവെക്കാൻ
പാകത്തിൽ ഒരു ഓർമ്മപ്പെടുത്തലായി
ഈ മാഗസിൻ നമ്മുക്ക് വായിച്ചു തുടങ്ങാം...

**ആകാശ് കെ. എം.**
*എഡിറ്റർ*

# JESUS YOUTH



# ദേവമാതാ കോളേജ് സ്റ്റുഡന്റ് കൗൺസിൽ

## 2019 – 2020 വർഷത്തെ പ്രവർത്തന റിപ്പോർട്ട്



### യൂണിയൻ തിരഞ്ഞെടുപ്പ്

മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ കോളേജുകളിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പ് 2019 ആഗസ്റ്റ് മാസം 21-ാം തീയതിയിൽ നടന്നു. കുറവിലങ്ങാട് ദേവമാതാ കോളേജിലും എല്ലായിടത്തേയും പോലെ തന്നെ അന്നേ ദിവസം തിരഞ്ഞെടുപ്പ് നടന്നു. രാവിലെ 9.30 മുതൽ 11.15 വരെ ക്ലാസ് റപ്രസെന്റേറ്റീവ് സിനായുള്ള ഇലക്ഷനും അതുകഴിഞ്ഞ് 3.00 - 4.30 വരെ പാനലുകളിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് നടന്നു. അതിൽ താഴെ പറയുന്ന വിദ്യാർത്ഥികൾ അതാത് സംവിധാനത്തിൽ തിരഞ്ഞെടുക്കുകയുണ്ടായി.

| | | |
|---|---|---|
| ചെയർമാൻ | - | കാർത്തിക് ടി.ഒ. |
| വൈസ് ചെയർപേഴ്സൺ | - | ഗായത്രി ഷാബു |
| ജനറൽ സെക്രട്ടറി | - | രാഹുൽ സുമൻ |
| ആർട്ട്സ് ക്ലബ് സെക്രട്ടറി | - | അഖിൽ പി.എസ്. |
| മാഗസിൻ എഡിറ്റർ | - | ആകാശ് |
| യുയുസി (1) | - | രതീഷ് തോമസ് |
| യുയുസി (2) | - | അശ്വിൻ ആർ. |
| ലേഡി റെപ്രസെൻറ്റേറ്റീവ് (1) | - | സിറാജുന്നിസ എൻ.എ. |
| ലേഡി റെപ്രസെൻറ്റേറ്റീവ് (2) | - | അനിറ്റ് ഗ്രേസ് തോമസ് |
| ഫസ്റ്റ് ഡി.സി. റെപ്പ് | - | അമൽ ബിനു |
| സെക്കന്റ് ഡി.സി. റെപ്പ് | - | പ്രവീൺ |
| തേർഡ് ഡി.സി. റെപ്പ് | - | അബി തങ്കച്ചൻ |
| ഫസ്റ്റ് പി.ജി. റെപ്പ് | - | ഡെന്നീസ് |
| സെക്കന്റ് പി.ജി. റെപ്പ് | - | റിന്റോ |
| സ്പോർട്ട്സ് സെക്രട്ടറി | - | റ്റോബിൻ |

സ്പോർട്ട്സ് സെക്രട്ടറി ആയി റ്റോബിനെ നോമിനേറ്റ് ചെയ്ത് തിരഞ്ഞെടുത്തു. സുവോളജി വിഭാഗം അധ്യാപിക ഡോ. പ്രിയ ജോസഫ്, കൊമേഴ്സ് വിഭാഗം അധ്യാപകൻ ശ്രീ. റെന്നി എ. ജോർജ്ജ് എന്നിവരെ യൂണിയൻ അഡ്വൈസറായി കാർത്തികിന്റെ കീഴിൽ നിയോഗിക്കപ്പെട്ടു.

## സത്യപ്രതിജ്ഞ

ദേവമാതാ കോളേജിലെ 2019-ലെ അധ്യായനവർഷത്തെ യൂണിയൻ 2019 സെപ്റ്റംബർ മാസം 6-ാം തീയതി സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറി. യൂണിയൻ ഇലക്ഷൻ റിട്ടേണിംഗ് ഓഫീസർ ഡോ. സി.എം. ജോർജ്ജ് അധ്യക്ഷനായി. ചടങ്ങിൽ കോളേജ് പ്രിൻസിപ്പൽ ഡോ. ജോജോ കെ. ജോസഫ് സത്യവാചകം ചൊല്ലിക്കൊടുത്തു. യൂണിയൻ അഡ്വൈസർമാരായ ഡോ. റെന്നി എ. ജോർജ്ജ്, ഡോ. പ്രിയ ജോസഫ് എന്നിവർ ആശംസകൾ അർപ്പിച്ചു.

കോളേജിന്റെയും അധ്യാപക വിദ്യാർത്ഥികളുടെയും ഉന്നമനത്തിനായി അച്ചടക്കത്തോടെയുള്ള പ്രവർത്തനങ്ങൾ നടത്തുമെന്നും വേർതിരിവുകൾ ഒന്നും തന്നെയില്ലാതെ എല്ലാ വിദ്യാർത്ഥികളോടെയും പെരുമാറുമെന്നും യൂണിയൻ അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്ത ചടങ്ങിന് കോളേജ് യൂണിയൻ ചെയർപേഴ്സൺ നന്ദി രേഖപ്പെടുത്തി.

യൂണിയൻ ഉദ്ഘാടനത്തിനും സത്യപ്രതിജ്ഞയിക്കും മുന്നോടിയായി യൂണിയൻ ഭാരവാഹികൾക്കും മറ്റു ക്ലാസ്സ് ലീഡർമാർക്കുമായി കേളേജ് പ്രിൻസിപ്പൽ ഡോ. ജോജോ കെ. ജോസഫ് സാറിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. രണ്ടു ദിവസം നീണ്ടുനിന്ന ക്ലാസ് സെപ്റ്റംബർ മാസം 3, 4 ദിവസങ്ങളിൽ കൗൺസിലിംഗ് വിഭാഗം അധ്യാപകനുമായ ശ്രീ. ബെന്നി അവർകൾ ക്ലാസുകൾ നയിക്കുകയും വ്യക്തിത്വ വികസനം, പ്രവർത്തി പരിചയം, പ്രസംഗ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങളിൽ എവരും ഏറെ താല്പര്യത്തോടെ പങ്കെടുക്കുകയും ചെയ്തു. രണ്ടാമത്തെ ദിവസം ഭാവി യൂണിയൻ പരിപാടികളെക്കുറിച്ച് ഒരു ആമുഖം തയ്യാറാക്കുകയും ചെയ്തു. പിന്നീട് ഈ പ്രോഗ്രാമിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കും അതോടൊപ്പം തന്നെ ക്ലാസ് എടുത്ത ബെന്നി സാറിനും നന്ദി രേഖപ്പെടുത്തി. ദ്വിദിന വികസന ക്ലാസ് അവസാനിച്ചു.

## Union Inauguration- Amazon 2K19

കുറവിലങ്ങാട് ദേവമാതാ കോളേജ് യൂണിയൻ പ്രവർത്തനോദ്ഘാടനം 2019 സെപ്റ്റംബർ 25-ാം തീയതി നടന്നത്. ന്യൂ ജനറേഷൻ സിനി ആർട്ടിസ്റ്റ് ആയ അക്ഷയ് രാധാകൃഷ്ണൻ ഭദ്രദീപം കൊളുത്തി ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. യൂണിയൻ ചെയർമാൻ കാർത്തിക് റ്റി.ഒ. അധ്യക്ഷത വഹിച്ച ചടങ്ങിന് വൈസ് ചെയർപേഴ്സൺ ഗായത്രി ഷാബു സ്വാഗതം പറഞ്ഞു. കോളേജ് പ്രിൻസിപ്പൽ ഡോ. ജോജോ കെ. ജോസഫ് സാർ ആമുഖ പ്രഭാഷണം നടത്തി.

യൂണിയൻ അഡ്വൈസറായ റെന്നി എ. ജോർജ്ജ് ആശംസകൾ നേർന്നു. യൂണിയൻ ജനറൽ സെക്രട്ടറി കൃതജ്ഞത നേർന്ന ശേഷം തുടർന്ന് പരിപാടികൾ ആരംഭിക്കുകയും ചെയ്തു.



## ഓണാഘോഷം- ഉപ്പേരി 2K19

ദേവമാതാ കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഓണാഘോഷത്തോടനുബന്ധിച്ച് 2019 സെപ്റ്റംബർ 10-ന് ആണ് ഓണപരിപാടികൾ ക്രമീകരിച്ചത്. എല്ലാ ഡിപ്പാർട്ട്മെന്റ് പ്രോഗ്രാമുകൾ കഴിഞ്ഞ് 1½ മണിക്കൂർ ഉള്ള പരിപാടി കോളേജ് യൂണിയന്റെ നേതൃത്വത്തിൽ കോളേജിന്റെ മുന്നിൽ വച്ച് തിരുവാതിരയോടും ചെണ്ട കൊട്ടോടുകൂടിയും പ്രിൻസിപ്പൽ ജോജോ കെ. ജോസഫ് സാറിന്റെയും വൈസ് പ്രിൻസിപ്പൽ ഫാ. ഡിനോയ് കവളമ്മാക്കലിന്റെയും അതൊടൊപ്പം യൂണിയൻ അഡ്വൈസറായ റെന്നി എ. ജോർജ്ജിന്റെ നേതൃത്വത്തിൽ കൃത്യമായി നടത്താൻ കഴിഞ്ഞു.

## പി.എസ്.സി. വൺ ടൈം രജിസ്ട്രേഷൻ

ദേവമാതാ കോളേജ് വിദ്യാർത്ഥികൾക്കായി സൗജന്യ പി.എസ്.സി. രജിസ്ട്രേഷനും അതൊടൊപ്പം തന്നെ എൽഡി ക്ലാർക്ക് അപേക്ഷിക്കാനായും ഡിസംബർ 4,5 തീയതികളിൽ B.com കമ്പ്യൂട്ടർ ആപ്ലിക്കേഷന്റെ ലാബിൽ പ്രിൻസിപ്പൽ അനുവദിക്കുകയുണ്ടായി. യൂണിയന്റെ നേതൃത്വത്തിൽ പരിപാടി കൃത്യമായി നടക്കുകയുണ്ടായി നിരവധി വിദ്യാർഥികൾക്ക് വൺ ടൈം രജിസ്ട്രേഷൻ നടത്തുന്നതിനും, എൽ.ഡി. ക്ലാർക്ക് തസ്തികയിലേയ്ക്ക് അപേക്ഷിക്കുന്നതിനും സാധിച്ചു.

## കോളേജ് ആർട്ട്സ് ഡേ- നിഴൽക്കൂത്ത്

പാഠ്യവിഷയങ്ങളിലെ മികവിനൊപ്പം കോളേജിലെ വിദ്യാർത്ഥികളുടെ കലാപരമായ വാസനകൾക്കും ചിന്തകൾക്കും പ്രോത്സാഹനമായി നമ്മുടെ കോളേജിലെ യുവജനോത്സവം ജനുവരി 23,24 തീയതികളിൽ നടന്നു. 23-ന് രാവിലെ നടന്ന ലളിതമായ ചടങ്ങിൽ പ്രിൻസിപ്പൽ ഡോ. ജോജോ കെ. ജോസഫ് ആർട്ട്സ് ക്ലബ് സെക്രട്ടറി അഖിൽ പി.എസ്., ആർട്ട്സ് അഡ്വൈസർ ഡോ. മിനി സെബാസ്റ്റ്യൻ എന്നിവർ ഭദ്രദീപം തെളിച്ച് ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. 38 ഇനങ്ങൾ നാലു വേദികളിലായി അരങ്ങേറിയപ്പോൾ മൂന്നൂറ്റി അമ്പതോളം വിദ്യാർത്ഥികളാണ് മാറ്റുരച്ചത്. തുടർന്നുള്ള ദിവസങ്ങളിലെ നോൺ സ്റ്റേജ് മത്സരങ്ങളിലും വിദ്യാർത്ഥികളുടെ സജീവ പങ്കാളിത്വം ദൃശ്യമായി. ഓവറോൾ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ഇംഗ്ലീഷ് വിഭാഗം കലാകിരീടം ഉയർത്തി അവസാന മത്സരഫലം വരെയും അലയടിച്ചു. പോരാട്ടത്തിൽ ഫിസിക്സ് വിഭാഗം കലാകിരീടം ഉയർത്തി അവസാന മത്സരഫലം വരെയും അലയടിച്ചു. പോരാട്ടത്തിൽ ഫിസിക്സ് വിഭാഗം രണ്ടാമതെത്തി. ട്രിപ്പിൾ മെയിൻ, കൊമേഴ്സ്, സുവോളജി, മാത്തമാറ്റിക്സ്, ഇക്കണോമിക്സ് എന്നീ തുടങ്ങിയ ഡിപ്പാർട്ടുമെന്റുകൾ പോയിന്റ് പട്ടികയിൽ ശ്രദ്ധേയമായ ചലനമുണ്ടാക്കി.

## ഇന്റർ ഡിപ്പാർട്ട്മെന്റ് ഗെയിംസ്

ആരോഗ്യപരമായ കായിക സംസ്കാരം ക്യാമ്പസിൽ വളർത്തിയെടുക്കുവാൻ ഫിസിക്കൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിന്റെ സഹായത്തോടെ വിവിധ പാഠ്യമത്സരയിനങ്ങൾ വിദ്യാർത്ഥികൾക്കായി നടത്തി. പാഠ്യസമയത്തെ ഒട്ടും ബാധിക്കാതെ രാവിലെയും വൈകിട്ടുമായി ക്രിക്കറ്റ്, ഫുട്ബോൾ, തുടങ്ങിയ മത്സരങ്ങൾ ഡിപ്പാർട്ട്മെന്റ് അടിസ്ഥാനത്തിൽ നടത്തി. ആദ്യമായി ഇവ ഓരോന്നിനും എവർ റോളിംഗ് ട്രോഫിയും ഏർപ്പെടുത്തി. വിപുലമായി സംഘടിപ്പിക്കാൻ ഈ അധ്യായനവർഷത്തെ യൂണിയന് സാധിച്ചു. ക്രിക്കറ്റ് മത്സരത്തിൽ സുവോളജി ഡിപ്പാർട്ട്മെന്റിനെ പരാജയപ്പെടുത്തി. മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് വിജയികളായി.

ഫുട്ബോൾ മത്സരത്തിൽ ഇക്കണോമിക്സ് ഡിപ്പാർട്ടുമെന്റിനെ പരാജയപ്പെടുത്തി മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് വിജയികളായി.

ഫുട്ബോൾ മത്സരത്തിൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിനെ പരാജയപ്പെടുത്തി. ഫിസിക്സ് ഡിപ്പാർട്ട്മെന്റ് കപ്പുകടത്തി. വോളിബോൾ മത്സരത്തിൽ ഇക്കണോമിക്സ് റണ്ണേഴ്സ് അപ്പ് ആയപ്പോൾ ബികോം എയ്ഡഡ് വിജയികളായി. ബാസ്കറ്റ്ബോൾ മത്സരത്തിൽ മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് വിജയികളായപ്പോൾ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് റണ്ണേഴ്സ് അപ്പ് ആയി. ഷട്ടിൽ ബാഡ്മിന്റൺ ആൺകുട്ടികളുടെ മത്സരത്തിൽ സുവോളജി ഡിപ്പാർട്ടുമെന്റിനെ തോൽപ്പിച്ച് ബികോം കോ-ഓപ്പറേഷൻ ജേതാക്കളായി. വനിതാവിഭാഗം ബാഡ്മിന്റൺ മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് റണ്ണേഴ്സ് അപ്പ് ആയപ്പോൾ ഗെയിമിംഗ് ഭംഗിയായി പര്യവസാനിച്ചു.

## എം.ജി. യൂണിവേഴ്സിറ്റി കലോത്സവം- Article-14 2K19

കോളേജ് യുവജനോത്സവം എന്നതിന്റെ അടുത്ത തലം എന്ന നിലയ്ക്ക് നമ്മുടെ കോളേജിലെ വിദ്യാർത്ഥികൾക്ക് കലാവാസനകളെ പ്രകടിപ്പിക്കാനുള്ള ഏറ്റവും മികച്ച വേദിയായി ഈ വർഷത്തെ യൂണിവേഴ്സിറ്റി കലോത്സവം നമ്മുടെ കോളേജിൽ നിന്നും വ്യത്യസ്ത ഇനങ്ങളിൽ ഒന്നാം സമ്മാനത്തിനു വന്ന മുഴുവൻ കുട്ടികളും രജിസ്റ്റർ ചെയ്തു. തൊടുപുഴയിൽ നടന്ന മത്സരവേദികളിൽ ദേവമാതാ കോളേജിൽ നിന്നും കഴിഞ്ഞ തവണത്തേക്കാൾ ഒരുപിടി മുന്നിൽ ആളുകളുടെ പങ്കാളിത്വം ഉറപ്പാക്കാൻ ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി ആയ അഖിൽ പി.എസും ആർട്ട്സ് അഡ്വൈസർ ആയ മി. സുബിൻ മറ്റു യൂണിയൻ ഭാരവാഹികളുടെ നേതൃത്വത്തിൽ കൃത്യമായ പങ്കാളിത്വം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. ആർട്ട്സ് ക്ലബ് സെക്രട്ടറി അഖിൽ പി.എസിന്റെ കൂടെ മറ്റു യൂണിയൻ ഭാരവാഹികളായ ചെയർപേഴ്സൺ, യുയുസി, ലേഡി റെപ്, ഫസ്റ്റ് പിജി എന്നിവർ ചേർന്നു തോളോടുതോൾ ചേർന്നു പ്രവർത്തിച്ചപ്പോൾ കഴിഞ്ഞ വർഷത്തേക്കാൾ ഒരുപിടി മുന്നിൽ കോളേജിന്റെ പേര് 336 കോളേജുകളിൽ നിന്ന് ഉയർത്തുവാൻ സാധിച്ചു. 18 എ ഗ്രേഡുകൾ ദേവമാതായിലും കുട്ടികൾ നേടിയെടുത്തപ്പോൾ ആരോമൽ വിജയ് Percusion Instrument (Western) മത്സരത്തിൽ 1-ാം സമ്മാനം ലഭിക്കുകയും ചെയ്തു. അതുല്യാ സി. Folk Dance യൂണിവേഴ്സിറ്റി മത്സരത്തിൽ 3-ാം സ്ഥാനത്തെത്തുകയും ചെയ്തു.

അഭിനവ് എസ്. Wind Instrument (Eastern) 3-ാം സമ്മാനവും ലഭിക്കുകയുണ്ടായി. മുൻ വർഷത്തെ അപേക്ഷിച്ച് ഒരുപാട് മുന്നേറിയ ഈ വർഷം യൂണിയൻ അംഗങ്ങളുടെ സജീവസാന്നിധ്യത്തിൽ നമ്മുടെ കോളേജിലെ മത്സരാർത്ഥികൾക്ക് ഏറെ സഹായകരമായി. ഓരോ മത്സരവേദിയിലും യൂണിയൻ അംഗങ്ങളുടെ സാന്നിധ്യം മത്സരാർത്ഥികൾക്ക് ഏറെ സഹായകരമായി. ഓരോ മത്സരവേദിയിലും യൂണിയൻ അംഗങ്ങളുടെ സജീവസാന്നിധ്യത്താൽ നമ്മുടെ കോളേജിലെ മത്സരാർത്ഥികൾക്ക് ഏറെ സഹായകരമായി. ഓരോ മത്സരവേദിയിലും യൂണിയൻ അംഗങ്ങളുടെ സാന്നിധ്യം മത്സരാർത്ഥികൾക്ക് ഏറെ ആശ്വാസമായിരുന്നു.

## Sports Day Feb-17

ദേവമാതാ കോളേജിന്റെ ആനുവൽ അത്‌ലറ്റിക് മീറ്റ് ഡേ ഫെബ്രുവരി 17 തിങ്കളാഴ്ച രാവിലെ ആരംഭിക്കുകയുണ്ടായി. മത്സരയിനങ്ങൾ തുടങ്ങുന്നതിനു മുമ്പ് എല്ലാ ഡിപ്പാർട്ടുമെന്റിലേയും ഫ്ളാഗ് ഓഫ് മാർച്ച് ഉണ്ടായിരുന്നു. പ്രിൻസിപ്പൽ ജോജോ കെ. ജോസഫ്, വൈസ് പ്രിൻസിപ്പിൽ ഫാ. ഡിനോയ് കവളംമാക്കൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു. തുടർന്ന് മത്സരയിനങ്ങൾ ആരംഭിച്ചു. ചൂടുതിളയ്ക്കുന്ന ഈ വെയിലിനെ പോലും ചെറുത്തും ദേവമാതായുടെ വിദ്യാർത്ഥികൾ വലിയ രീതിയിലുള്ള പങ്കാളിത്വം തന്നെ മത്സരയിനങ്ങളിലും ഉറപ്പുവരുത്തി. സ്പോർട്സിന് മാത്തമാറ്റിക്സ് ഡിപ്പാർട്ട്മെന്റ് പോയിന്റ് പട്ടികയിൽ ഒന്നാമത് എത്തിയപ്പോൾ രണ്ടാമനായി ബി.കോം കമ്പ്യൂട്ടർ ആപ്ലിക്കേഷൻ റണ്ണേഴ്സ് അപ്പ് ആയി. അങ്ങനെ നല്ല രീതിയിൽ തന്നെ കോളേജിലെ സ്പോർട്ട് മീറ്റ് പര്യവസാനിക്കുകയും ചെയ്തു.

### മെറിറ്റ് ഡേ

ദേവമാതാ കോളേജ് മെറിറ്റ് ഡേ മാർച്ച് 6-ാം തീയതി വെള്ളിയാഴ്ച നടത്തപ്പെട്ടു.



What is more untoward of late,
Than this that leaves a pang in my heart...
She was never garrulous
But now I'm lost for words...
It might sound off key
But I'm stuck with a snag...
I worked up the nerve
To pen down my feelings...
But I'm crossing paths with
That enigmatic snag once again...
What was that odd bond of 365 days
That drew us together...
She was never insecure
But I feel unmoored thus far...
I'm pronged by the memories
But let me say it's true...
I made up my mind to write;
We are dull and distant flecks on the horizon...
But I'm crossing paths with
That enigmatic snag yet again...



**Arsha Prakash**
III DC English



**Riya Varghese**
IInd Year B.Com
Co-operation

ഒരു സുഖനിദ്ര ഇടയ്ക്ക് വെച്ച് മുറിഞ്ഞ അലോസരം കണക്കെ നന്ദിത പതിയെ കണ്ണു തുറന്നു. ഒരു കരസ്പർശം ചുവരിൽ പതിച്ചപോലെ തോന്നിയാണ് കണ്ണുതുറന്നത്. തനിക്ക് വളരെ പരിചിതമായൊരു തലോടൽ പോലെ തോന്നി... അതൊരു തോന്നൽ മാത്രമാണെന്നറിഞ്ഞപ്പോൾ ഉള്ളിലെവിടെയോ ഒരു നഷ്ടബോധം ഉടലെടുത്തു... ഉറക്കം നഷ്ടപ്പെട്ടതിന്റെയല്ല... മറ്റെന്തോ കളഞ്ഞു പോയതുപോലെ.... പുറം കാഴ്ചകളിലൊന്നും ശാന്തമാകാതൊരു മനസ്സുമായി അവൾ വീണ്ടും കണ്ണടച്ചു... 'തിരികെ ചെല്ലണം കുട്ടി കൊണ്ട് വരണം...' അമ്മയുടെ ശബ്ദം കാതിൽ പതിഞ്ഞതു പോലവൾക്ക് തോന്നി.... അമ്മയുടെ സാമീപ്യ മാണോ തനിക്ക് നേരത്തെ തോന്നിയത്... അവൾ തന്നോടുതന്നെ ചോദിച്ചു... മനസ്സ്വത്രയ്ക്ക് അസ്വസ്ഥ തമാകുമ്പോഴേ അമ്മ തനിക്കരി നകിലെത്താറുള്ളു... വിട്ടു പോയിട്ടൊരുകൊല്ലം കഴിഞ്ഞെങ്കിലും അമ്മയുടെ മനസ്സ് തനിക്കൊപ്പം എന്നുമുണ്ട്.... തന്റെ ഓരോ തീരുമാനത്തിലും അമ്മയുടെ അനുവാദം കൂടെയുണ്ട്... അമ്മയുടെ വാക്കുകൾ വീണ്ടും കാതിൽ പതിക്കുന്നു 'തിരികെ ചെല്ലണം കുട്ടി കൊണ്ട് പോരണം...' ട്രെയിൻ പതിയെ അതിന്റെ വേഗത കുറച്ചിരിക്കുന്നു...

ശാന്തമായി ആലോചിക്കാൻ അവൾക്ക് സമയം കൊടുത്തതുപോലെ... പതുക്കെ കണ്ണുകൾ അടച്ച് ഇന്നത്തെ സംഭവങ്ങളിലേക്ക് തിരികെ എത്തി.

തന്റെ വാശിയായിരുന്നു പഠിച്ച് നല്ല നിലയിലെത്തി യിട്ട് അമ്മയേയും കൂട്ടിയാ തറവാടിന്റെ പടി കടന്നു ചെല്ലണമെന്ന്.... ഇരുപതു വർഷങ്ങൾക്ക് മുൻപ് സഹായമഭ്യർത്ഥിച്ചു ചെന്ന തന്നേം അമ്മയേയും ഒരു ദയയുമില്ലാതെ പടിയടച്ചു പിണ്ഡം വെച്ചതാണ് അമ്മയുടെ തറവാട്ടിൽ നിന്ന്.... ഇഷ്ടപ്പെട്ടയാൾ ക്കൊപ്പം ഇറങ്ങിപോയപ്പോൾ തറവാടിന്റെ അഭി മാനവും കൂടെ പോയെന്ന്... തനിക്ക് അഞ്ചുവയസ്സു ള്ളപ്പോൾ അച്ഛനെ നഷ്ടപ്പെട്ടതാണ്.... ജീവിക്കാൻ മറ്റു നിവർത്തിയില്ലാതെ വന്നപ്പോൾ തിരികെ ചെന്നതാണ് തറവാട്ടിലേക്ക്... അഭിമാനികളായ തറവാട്ടുകാർ തിരികെ കയറ്റിയില്ല അമ്മാവനായി രുന്നു ഏറ്റവും വാശി.... ഇറക്കി വിട്ടപ്പോൾ മുത്ത ശ്ശനും മുത്തശ്ശിയും ഒരക്ഷരം പോലും മിണ്ടിയില്ല... അതായിരുന്നു അമ്മ അന്ന് അത്രയ്ക്ക് കരയാൻ കാരണം... പക്ഷേ അന്ന് അമ്മയുടെ കണ്ണിൽ നിന്നു വീണ ഓരോ തുള്ളി കണ്ണുനീരും പിന്നീട് അങ്ങോട്ട് ജീവിക്കുവാനുള്ളത്ര ഊർജം നൽകുന്നവയാ യിരുന്നു.... അമ്മയുടെ വാശിയായിരുന്നു താനൊരു ഐഎഎസ്കാരിയാ വണമെന്ന്... താനിത് നേടി യിട്ടെ തറവാട്ടിലേക്ക് തിരിക്കു എന്നമ്മ പറയാറു ണ്ടായിരുന്നു.... പക്ഷേ ഇന്നാ തറവാടിന്റെ മുറ്റത്ത് തിരികെ കാൽ വെച്ചപ്പോൾ കൂടെ അമ്മ യുണ്ടായില്ല...

'ആരാ മനസ്സിലായില്ലല്ലോ...?' ഒരു വൃദ്ധരൂപം തനിക്കരികിലെത്തിയിരിക്കുന്നു... ദേഹം നന്നെ





**AMRUTHA HARIDAS**
II[nd] M.com, Finance & Taxation
Short Story Malayalam - A grade

# മടക്കയാത്ര

ചുക്കിചുളുങ്ങിയിട്ടുണ്ട്.... നടക്കാൻ പരസഹായം വേണ്ട അവസ്ഥ... അമ്മ പറഞ്ഞ കഥയിലെ അഭിമാനിയായ അച്ഛനാണത്... ആ ഗാംഭീര്യമൊന്നും മുഖത്തില്ല.... പകരമൊരു വിഷാദം തളം കെട്ടിയിരിക്കുന്നു... 'ഞാൻ.... ഞാൻ നന്ദിത.... ഉമയുടെ... 'വീറോടെ ഞാൻ 'നന്ദിത കൃഷ്ണ ഐ എഎസ്' എന്ന് വിളിച്ചു പറയാൻ ഓടിയെത്തിയ തന്റെ ശബ്ദം ഇടറിയതിൽ നന്ദിതയ്ക്ക് അത്ഭുതം തോന്നി... 'ഉമ... ഉമ വന്നിട്ടുണ്ടോ..?' ആ തറവാടിന്റെ അകത്തളത്തിൽ നിന്നും വിറയാർന്നയൊരു ശബ്ദം പുറത്തേക്കു വന്നു... 'അമ്മയാ.... ഉമയുടെ അമ്മ... തളർന്ന് കിടക്കുവാ...' നിശബ്ദം ഞാനാ വൃദ്ധനെ പിൻതുടർന്നു... അമ്മ പറഞ്ഞതിൽ നിന്ന് ഒരുപാട് മാറിയിരിക്കുന്നു തറവാട്... മൊത്തം ക്ഷയിച്ചയവസ്ഥ...? കട്ടിലിന്റെ ഓരത്തായി ഞാനും ഇരുന്നു... 'അവള് വന്നില്ല്യേ കുട്ടി.. ഞങ്ങളോട് പിണക്കമാണോ... എങ്ങിനെ വരാനാ... ഒരു ദയയുമില്ലാണ്ട് ഇറക്കി വിട്ടതല്ലെ... ഇറക്കി വിടാൻ മുൻപന്തിയിൽ നിന്നവരാണേ ഉപേക്ഷിച്ചു പോയി.... ഇല്ല്യാച്ച എന്റെ കുട്ട്യേലും കൂടെ കണ്ടേനെ...'മുത്തശ്ശി എന്തെക്കെയോ പിറുപിറുത്തു...' 'മതി നിർത്ത് നീയാ കുട്ടിയേകൂടി വിഷമിപ്പികാതെ... അമ്മ വന്നില്ലേ മോളേ... 'തന്നെ ഉറ്റു നോക്കുന്നയാ വൃദ്ധരൂപങ്ങൾക്കു മുന്നിൽ പരിചിതമല്ലാതൊരു വീർപ്പുമുട്ടൽ തന്നിൽ പടർന്നപോലെ അവൾക്കു തോന്നി... ഉപേക്ഷിച്ച് ഇറക്കിവിട്ട താനും അമ്മയും ജയിച്ചു എന്ന് കാണിക്കാൻ വന്നതായിരുന്നു... പക്ഷേ തോറ്റുപോയ രണ്ട് ജന്മങ്ങൾക്കു മുന്നിൽ എന്ത് കാണിച്ചിട്ടെന്ത്... തിരിച്ചൊന്നും പറയാൻ വാക്കുകൾ അവൾക്കു കിട്ടിയില്ല... 'ഇല്ല അമ്മ വന്നില്ല 'മറുപടിയൊതുക്കി അവളാ തറവാട് വിട്ടിറങ്ങി...പക്ഷേ തന്നെ കണ്ടത് അവരിലൊരു പ്രതീക്ഷ നിറച്ചതുപോലവൾക്കു തോന്നി.. ആ നരക ജീവിതത്തിൽ നിന്നും ഒരു മോചനം ആഗ്രഹിക്കുന്നതു പോലെ.. പെട്ടെന്നൊരു തീരുമാനത്തിലെത്താൻ തനിക്കായില്ല... അതാണ് ഇന്നു തന്നെ തിരികെ നാട്ടിലേക്കുള്ള ട്രെയിൻ പിടിച്ചത്...

സയറൻ മുഴങ്ങി... ട്രെയിൻ വീണ്ടും പതിയെ ചലിച്ചു തുടങ്ങിയിരിക്കുന്നു... ഇതുവരെ ഇല്ലാത്തൊരൂർജം കൈവന്നിരിക്കുന്നതുപോലെ തോന്നിയവൾക്ക്... അമ്മയാണ് ശരി ഉപേക്ഷിച്ചു പോരാൻ പാടില്ലായിരുന്നു... തിരികെയാ തറവാട്ടിലേക്കൊരു മടക്കയാത്ര അനിവാര്യമാണ്... അമ്മയത് ആഗ്രഹിക്കുന്നതുപോലെ... എന്തോ തീരുമാനിച്ചുറച്ചതുപോലെ അവൾ എണീറ്റു. അടുത്ത സ്റ്റേഷനിൽ ട്രെയിൻ എത്താൻ കാത്തു നിൽക്കുന്നൊരു തിടുക്കത്തോടെ...





# മലയാളി പൊളിയല്ലേ...

നൂറ്റാണ്ടിലെ ഏറ്റവും വലിയ പ്രളയം കേരളത്തെ വേട്ടയാടിയപ്പോഴും, മലയാളിയുടെ കേൾക്കാതിരുന്ന 'നിപ' എന്ന മഹാമാരി എത്തിയപ്പോഴും, ലോകരാജ്യങ്ങൾ ഒന്നടങ്കം ഭയത്തിന്റെ നിഴൽ തട്ടിയ കോവിഡ് കാലവും അതി ജീവനനാളുകളിൽ പത്രങ്ങളിലും മാഗസിനുകളിലും മലയാളി എന്നും പൊളിയാണെന്ന് അടയാളപ്പെടുത്തുവാൻ മറന്നില്ല.

പതിനെട്ടാം പടി എന്ന സിനിമയിൽ പൃഥിരാജ് പറഞ്ഞ വാക്കുകൾ പ്രേക്ഷകർ അത്രവേഗം മറക്കാനിടയില്ല..."എന്നും നല്ലതിനൊപ്പം നിൽക്കുവാൻ അവരുണ്ടാകും".

മലയാളി ഈ ലോകത്തിന്റെ മുക്കിലും മൂലയിലും തൂണിലും തുരുമ്പിലും ഉണ്ട്. ചന്ദ്രനിൽ ഇറങ്ങിയ നീൽ ആസ്ട്രോങ് അവിടെയുള്ള ഗോപാലൻ ചേട്ടന്റെ ചായകടയിൽ നിന്ന് ചായയും പരിപ്പുവടയും കഴിച്ച് മടങ്ങുന്നതായ ഒരു കാർട്ടൂൺ അന്തർദേശീയ പത്രം പുറത്തിറങ്ങിയപ്പോൾ ആദ്യമായി മലയാളിയെ തിരിച്ചറിഞ്ഞു എന്നു തുടങ്ങിയ അടയാളപ്പെടുത്തലുകൾ അവരെ വാനോളം എത്തിച്ചു. അവർക്കും പറയാനുണ്ട്. അതിജീവനത്തിന്റെ നിരവധി കഥകൾ.

"പ്രളയത്തിൽ തകർന്ന കേരളം എന്നാകില്ല അതിനെ അതിജീവിച്ചു കുതിച്ച കേരളം എന്നാകും ചരിത്രം രേഖപ്പെടുത്തുക". മുഖ്യമന്ത്രി പിണറായി വിജയന്റെ വാക്കുകളാണിത്. രാഷ്ട്രീയമില്ലാതെ തന്നെ ഈ അഭിപ്രായത്തോട് ഭൂരിഭാഗം മലയാളികളും യോജിക്കും. ദൈവദൂതൻ എന്ന് നാം വിശേഷിപ്പിക്കുന്ന മത്സ്യത്തൊഴിലാളികൾ പ്രളയാനന്തരം മലയാളികൾ അവർക്ക് നൽകിയ യാത്രയയപ്പും ലോകശ്രദ്ധ നേടി. മൊബൈൽ തോണ്ടാൻ മാത്രമാണ് കേരളത്തിലെ യുവതലമുറ എന്ന സ്ഥിരവിചാരം മാറ്റിവച്ച് ഫേസ്ബുക്കിനെ അവർ കൺട്രോൾ റൂം ആക്കിമാറ്റി. മനുഷ്യനെ മാത്രമല്ല, മൃഗങ്ങളെയും അവർ രക്ഷിച്ചു.

കേരളം സാക്ഷ്യം വഹിച്ച ഏറ്റവും വലിയ മഹാമാരിയെ നേരിട്ടത് ധീരതയുടെയും ഒത്തൊരുമയുടെയും പാഠങ്ങളിലൂടെയാണ് കുത്തിയൊലിച്ചൊഴുകുന്ന വെള്ളത്തിന്റെയിടയിൽ മനോധൈര്യം കൈവിടാതെ ഒരു കുഞ്ഞിനെ മാറോട് ചേർത്തുപിടിച്ച് പാലത്തിലൂടെ ഓടുന്ന ഒരാളുടെ ചിത്രം മലയാളി അതിവേഗം മറക്കാനിടയില്ല. "നമ്മൾ അതിജീവിക്കും" എന്ന സന്ദേശം പ്രാവർത്തികമാക്കി എന്നു തന്നെ ഒറ്റവാക്കിൽ പറയാം.

നിപ്പ എന്ന മഹാമാരിയെ കേരളം അതിജീവിച്ച പാഠം ലോകരാജ്യങ്ങൾ സ്വീകരിക്കണമെന്നും മാതൃകയാക്കണമെന്നും 'വർക്ക് ലൈഫ് ഇന്ത്യ' എന്ന ചർച്ചയിൽ ബി.ബി.സി മുന്നോട്ടുവെച്ചു.

ദൈവത്തിന്റെ മാലാഖമാർ തന്നെയാണ് നഴ്സുമാർ എന്ന ചിന്ത നല്കികൊണ്ടാണ് ലിനി എന്ന നഴ്സ് മൺമറഞ്ഞത്. ആ മാലാഖയുടെ ശുശ്രൂഷ സ്വീകരിച്ച കേരളം ഒരു മാതൃകയല്ലേ.

പൊതുനിരത്തിൽ മാസ്ക് ധരിക്കാൻ സഹായിച്ചും ഒറ്റപ്പെട്ടുപോയ അതിഥിതൊഴിലാളികൾക്ക് ഭക്ഷണമെത്തിച്ചു നല്കിയും കോവിഡ് കാലവും ഒരു അതിഥി തൊഴിലാളികൾക്ക് ഭക്ഷണമെത്തിച്ച് നല്കിയും കോവിഡ് കാലവും ഒരു അതിജീവനത്തിന്റെ പാഠമാണ്. ഹൃദയം നിറയെ സ്നേഹവും, നന്മയുള്ള ഒരു പാട് മനുഷ്യരും. അല്ലേലും മലയാളി പൊളിയല്ലേ...



**കരോളിൻ മരിയ റെജി**
III[rd] DC English
Literature



# ഏകാന്തതീരം


അനിശയാം കടലിലേയ്ക്കടിക്കുന്നൊരാ
സ്വപ്നത്തിനോളത്തിലാണ്ടുപോയ് ഞാനാം
കൊതുമ്പുവള്ളം
ആഴിതൻ മദ്ധ്യത്തിലേതോ ചുഴിപോലനാഥമായ്
നിൽപൂ ഞാൻ ഇന്നിവിടെ
പങ്കായമേതുമില്ലാതെ ഞാൻ തോഴനില്ലാതെ
ഏകയായ് ഞാനിന്നീ തീരത്തടത്തിൽ,
കൂടെത്തുഴയുന്നൊരെൻ സഹയാത്രികാ എങ്ങുപോയ്
എൻ പ്രിയ തോഴാ നീ–
അനന്തമാം സാഗരത്തിൽ മദ്ധ്യേയെന്നെ
തനിച്ചാക്കി എങ്ങു നീ പോയ്മറഞ്ഞു.
എന്നിലെന്നിന്റെയാ ഓർമ്മ മിനുക്കി ഞാൻ
നാഴികയെണ്ണിക്കഴിഞ്ഞ നേരം.
ഹൃദയമിടിപ്പുകൾ താളം തെറ്റി
നിമിഷമെത്ര വിരസം
ഞാനെന്റെ ആത്മാവിൻ സുഖമാം ഓർമ്മകൾ
കൂട്ടി ഘടിപ്പിച്ച തന്തുക്കൾ നീളവേ
തുക്കിമിനുക്കിയെൻ കാർകൂന്തൽ മേൽ
ചൂടുമാനേരമീ മലരിൻ ഗന്ധത്തിലാണ്ടു നീ
വരികയെൻ പ്രിയതോഴാ...
എത്രനാൾ വാഴും ഞാനിങ്ങനെ നിന്നിലെ
ഓർമ്മതൻ ബാക്കിപത്രമായ്

എൻ മനതാരിനിതളാം സ്വപ്നത്തിൽ
ചിറകരിഞ്ഞിരിക്കുമീ വേളയിൽ അകലില്ല.
നിന്നിൽ നിന്നിനു ഞാൻ നിന്നിലലിയാൻ മോഹിച്ചവൾ
പ്രതീക്ഷയോടെ പാതതൻ മുൻപിൽ നിൽക്കവേ
നീവേണമെൻകൂടെയെന്നു ശഠിച്ചു ഞാൻ
പൈതലതുപോലെ ഞാൻ കൊഞ്ചുന്നുവെന്നു
ധരിച്ചാരൊരുമെന്നരികത്തണഞ്ഞില
ഒരു മഴയായ് നിൻമേൽ പെയ്യാൻ മോഹിച്ചവൾ
ഒരു കാറ്റായ് നിന്നിൽ നിന്നിതാ അകലുന്നു
എന്നെ തനിച്ചാക്കി പോയെന്ന പാട്ടിനിതാ വിരാമം
നിന്നെ തനിച്ചാക്കി പോകുന്നു ഞാനിന്നീ
ജലധിയിന്നുള്ളിലേക്കമരുമൊരു ചെറുകല്ലായ്!



**Meghna. M. Nair**
1st DC English
Thriple Main

# എട്ടുകാലി



ഓർമ്മ ചർച്ച ചിന്തയിൽ പൊങ്ങിയത്...
ഇന്നിന്റെ കറുത്ത നിശബ്ദത...
അല്ലെങ്കിൽ ഉപ്പുരുചിയുള്ള വെള്ളത്തിനെന്നു
പുല്ലുവിലയാണല്ലോ...
കണ്ണിലും കറുപ്പ് പടർന്നവന്
ഉള്ളിൽ വെന്തുപൊങ്ങിയത് എങ്ങനെ കാണാനാണ്?
അറയിൽ വെന്തുപൊങ്ങിയത് എങ്ങനെ കാണാനാണ്?
അറയിൽ ഒരു മൂലയിൽ എന്തോ പടരുന്നുണ്ട്.
കറുത്ത നിശബ്ദതയിൽ ഒലിച്ചിറങ്ങുകയാണ്.
ചിന്തകളിൽ വഴുവഴുകുന്നു
കാണുന്നുണ്ട്.... തണുപ്പു പടർന്ന കറുപ്പിനപ്പുറം
ഒരെട്ടുകാലി....! മക്കൾ!
അതെന്താണ് പടർത്തുന്നത്...?
കെട്ടിപടുക്കുകയാണ്.
പടർന്നു തുടങ്ങിയിരിക്കുന്നു.
ഉള്ളിലെ വെളുത്തദ്രവം...
പടർത്തുന്നതൊക്കെയും ഇരുട്ടിലാണ്...!
ആക്രോശിക്കുന്നു.... കണ്ണുരുട്ടുന്നു...
പടർത്തൂ.... പടരട്ടെ.... വേഗത്തിൽ....
വെളുത്ത ദ്രവത്തിൽ ആഴ്ത്തിപടർത്തൂ...
ഒരറ്റത്തു അറ്റുവീഴുന്നുണ്ട്...
രാത്രിയുടെ ഇരുണ്ട കൂപ്പിലും
പടർന്നുകേറുന്നുണ്ട്...
അറ നിറയാറായിരിക്കുന്നു...
ഒരറ്റത്തു മുട്ടകൾ പൊട്ടിയിരിക്കുന്നു...
നെയ്ത്തിനു മുട്ടകൾ പൊട്ടിയിരിക്കുന്നു...
നെയ്ത്തിനു കനം കൂടുകയാണല്ലോ...
പടർത്തുന്നത് ആരും കാണുന്നില്ലെന്നാണോ...?
വിളർത്ത ചിരികൾ... വല്ലാതാവുന്നു....
വീണ്ടും മുട്ടകൾ പൊട്ടിയിരിക്കുന്നു...
വലകൾ.... സർവ്വത്ര വലകൾ...
ശ്വാസം മുട്ടുന്നു.... അറ നിറഞ്ഞിരിക്കുന്നു...
ഇനിയും പടർത്തുകയാണോ...?

മറുപടിയില്ല... വിളർത്ത ചിരികൾ...
ആക്രോശിക്കുന്നു... കണ്ണുരുട്ടുന്നു...
പടർത്തൂ... പടരട്ടെ... വേഗത്തിൽ...
വെളുത്ത ദ്രവത്തിൽ ആഴ്ത്തി പടർത്തൂ...



**അഖില ബിനോയ്**
II DC Triple Main




ഇന്നെന്റെ മരണമാണ്. എന്നാൽ എനിക്ക് ചുറ്റുമുള്ള ഒരാളിലും യാതൊരു സങ്കടമോ വേവലാതികളോ എനിക്ക് കാണാനാകുന്നില്ല. ഞാനിന്ന് മരിക്കുകയാണെന്ന് അവർ അറിഞ്ഞിട്ടില്ലായിരിക്കുമോ. അതോ അറിഞ്ഞിട്ടും അറിയാത്തതുപോലെ നടിക്കുകയാണോ. ഒന്നും എനിക്ക് മനസ്സിലാകുന്നില്ല. എല്ലാവരുടേയും മുഖത്ത് പുഞ്ചിരി മാത്രമാണ് ഞാൻ കാണുന്നത്. നിലവിളികൾ കാണേണ്ട ഇടങ്ങളിൽ ഞാൻ കാണുന്നത് പൊട്ടി ച്ചിരികൾ മാത്രമാണ്; ഇതെല്ലാം എനിക്ക് വിചിത്ര മായിട്ടാണ് തോന്നുന്നത്. എന്റെ ശവമഞ്ചൽ ഇതാ ഒരുങ്ങുന്നു, ശവകുടീരവും ഒരുങ്ങിക്കഴിഞ്ഞിരിക്കുന്നു.

ഇത്രയും കാലം അയാർത്ഥത്തിന്റെ ഒരു ലോകത്താണ് ഞാൻ ജീവിച്ചിരുന്നത്. ഇപ്പോൾ എനിക്ക് മനസ്സിലായി എന്റെ ലോകം മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തമായിരുന്നു. എന്റെ ഈ ലോകത്ത് ഞാൻ കാണാൻ ഞാൻ കാണാനും കേൾക്കാനും ആഗ്രഹിച്ചിരുന്നത് മാത്രമേ ഞാൻ കണ്ടിരുന്നുള്ളൂ. കേട്ടിരുന്നുള്ളൂ. ഞാൻ സ്വാർത്ഥമതിയായിരുന്നോ. ആവോ! എനിക്കറിയില്ല. എന്നാൽ അതിലെനിക്ക് സന്തോഷം മാത്രമേ ലഭിച്ചിരുന്നുള്ളൂ. എന്നാലിന്ന് യാഥാർത്ഥ്യത്തിന്റെ ലോകത്തിലേയ്ക്കുള്ള പടവുകൾ ചവിട്ടുവാൻ ഞാൻ നിർബന്ധിതയായിരിക്കുന്നു.

തികച്ചും അപരിചിതമായ ഒരു ലോകത്തിലേയ്ക്കാണ് ഞാൻ ചെന്നെത്തുവാൻ പോകുന്നത്. അവർ വന്നെത്തിക്കഴിഞ്ഞു, എന്റെ കൊലക്കയർ ഒരുക്കുന്നവർ; മരണത്തിലേയ്ക്ക് എല്ലാവരും ചേർന്ന് എന്നെ ഉന്തിതള്ളിവിടുന്നു. ഇനി കുറച്ചുസമയം കൂടിയേ ഉള്ളൂ. അതുകഴിഞ്ഞാൽ ആ കൊലക്കയർ എന്റെ കഴുത്തിലേയ്ക്ക് വീഴാൻ പോവുകയാണ്.

എന്നെ എത്ര ഭംഗിയായാണ് അണിയിച്ചൊരുക്കിയിരിക്കുന്നത്. ഇത്രമാത്രം സൗന്ദര്യം എന്നിൽ ഒളിച്ചിരുന്നുവെന്ന് ഇന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എന്തെന്നില്ലാത്ത ഒരു തെളിച്ചമാണ് എന്റെ മുഖത്തിന്. എല്ലാമറിഞ്ഞ്കൊണ്ട് ഞാനിതാ തയ്യാറായിക്കഴിഞ്ഞിരിക്കുന്നു. 'ഞാൻ' ഇവിടെ അവസാനിക്കുന്നു. എന്നിലെ അവസാന നിശ്വാസവും ഇതാ ഇവിടെ നഷ്ടപ്പെടുകയാണ്. ഇനിയൊരു പുനർജന്മം സാധ്യമാകുമോ?

നേരമായിരിക്കുന്നു. ഇതാ എനിക്കു മുമ്പിൽ എന്റെ മരണം. മരണത്തിന്റെ പടവുകളിലേയ്ക്ക് ഞാനിതാ നടന്നുകയറുകയാണ്. വീണ്ടും ഞാൻ ചുറ്റിലും നോക്കി. ഇല്ല. ആരിലുമെന്നെക്കുറിച്ചോർത്ത് യാതൊരു സങ്കടവുമില്ല. ഒരു ചെറുപുഞ്ചിരിയോടെ ഞാനും തയ്യാറായി. ഞാൻ ഞാനല്ലാതായി മാറുന്നത് എന്റെ കൺമുമ്പിൽ എനിക്ക് കാണാമായിരുന്നു. അറിഞ്ഞുകൊണ്ടുതന്നെ എന്റെ കണ്ണുകൾ ഞാനടച്ചു. ആക്രോശങ്ങൾ ഉയരുന്നു. കഴുത്തിലേയ്ക്ക് കൊലക്കയർ വീഴുന്നു. എനിക്കുമേൽ പൂവിതളുകൾ വീണുകൊണ്ടേയിരുന്നു. ഞാൻ മരിച്ചിരിക്കുന്നു. മരണം ഇവിടെ അർത്ഥവത്തായിരുന്നു.



**നൗറിൻ ഫാത്തിമ ഖാൻ**
3rd DC Malayalam

# പറന്നുയരുന്ന സ്വപ്നച്ചിറകുകൾ



ജിസ്ന റ്റി. ബെന്നി
III DC Computer Application

ഈ ലോകത്തു സ്വപ്നങ്ങൾ കാണാത്തവരായി ആരും തന്നെ ഉണ്ടാവില്ല. പക്ഷെ ഓരോ സ്വപ്നങ്ങളിലും തുടിക്കുന്ന ഒരു ജീവൻ ഉണ്ട്. ആ ജീവനെ ഉണർത്തി ചിറകു വീശി പറക്കുന്ന ഒരു പരുന്തായി പറക്കുവാൻ നമ്മിൽ എത്ര പേർ പരിശ്രമിക്കാറുണ്ട്.? ഓരോ സൂര്യോദയവും നമുക്കു രണ്ട് അവസരങ്ങൾ തരുന്നു. ഒന്ന്, സ്വപ്നങ്ങൾ മനസ്സിൽ തന്നെ മണ്ണിട്ട് മൂടുവാൻ. മറ്റൊന്ന്, ഉറച്ച തീരുമാനത്തോടെ നമ്മുടെ സ്വപ്നങ്ങൾക്ക് പിന്നാലെ പായുവാൻ! ഈ യാത്രക്കിടയിൽ നമുക്ക് ധാരാളം പരാജയങ്ങളും പരിഹാസങ്ങളും നേരിടേണ്ടി വന്നേക്കാം. നിനക്ക് അത് സാധിക്കില്ല എന്ന് പലരും പല ആവർത്തി അലറി പറയുന്നുണ്ടാകാം. പക്ഷെ അതൊന്നും നമ്മുടെ സ്വപ്നങ്ങൾ വെട്ടിപ്പിടിക്കാനുള്ള യാത്രയിൽ തടസ്സമാകരുത്. ഇവ ഓരോന്നും നമുക്കെതിരെ വരുന്ന കല്ലുകളാണ്. അവയെല്ലാം നമ്മുടെ ജീവിതത്തിന്റെ നാഴിക കല്ലുകളാക്കി മാറ്റുക. നമ്മൾ ശ്രമിക്കുന്നു എന്നതിന്റെ ഏക തെളിവാണ് നമ്മുടെ പരാജയങ്ങൾ. നമുക്കു മാത്രമേ നമ്മുടെ സ്വപ്നങ്ങളുടെ തീവ്രത അറിയുകയുള്ളൂ. അതുകൊണ്ട് തന്നെ പരിഹസിക്കുന്നവർ പരിഹസിക്കട്ടെ. പല ഇതിഹാസങ്ങളുടെയും പിന്നിൽ ഒരുപാട് പരിഹാസങ്ങളുടെ കഥയുണ്ട്. വിജയം എന്ന മൂന്ന് അക്ഷരം നമ്മുടെ ജീവിതത്തിൽ യാഥാർഥ്യം ആകുന്നത് വരെ നമ്മുടെ യാത്ര തുടർന്ന് കൊണ്ടേയിരിക്കുക. പിഴുതെറിഞ്ഞ കിനാവുകളാണ് ഓരോ അപ്പൂപ്പൻതാടിയും എന്ന് കേട്ടിട്ടുണ്ട്. നമ്മുടെ സ്വപ്നങ്ങളുടെ ഉടമസ്ഥൻ നാം മാത്രമാണ്. അത് മറ്റൊരാൾക്ക് വേണ്ടി പിഴുതെറിയാതിരിക്കുക. മറ്റുള്ളവരെ കൊണ്ട് നല്ലത് പറയിപ്പിക്കുവാൻ വേണ്ടി സ്വന്തം സ്വപ്നങ്ങളെ അടക്കി പിടിച്ച് മറ്റൊരു വ്യക്തിയായി ജീവിക്കുന്നവരാണ് നമുക്ക് ചുറ്റുമുള്ള പലരും. ആറടി മണ്ണിലേക്കുള്ള യാത്രയാണ് നമ്മുടെ ഈ ജീവിതം. ആ യാത്ര അവസാനിക്കുന്നതിനു മുൻപ്, സ്വപ്നങ്ങളുടെ ചിറകിൽ പറന്ന് പൊങ്ങി, പരുന്തിനെപ്പോലെ ഉയരങ്ങൾ തേടാം. അപ്പോൾ ആർപ്പു വിളിക്കട്ടെ കല്ലെറിഞ്ഞവർ. പുച്ഛിച്ചു തള്ളിയവർ സ്തുതിപാടകരാവട്ടെ.

"പരിശ്രമം ചെയ്യുകിൽ എന്തിനെയും വശത്തിലാക്കാൻ കഴിവുള്ള വണ്ണം ദീർഘങ്ങളാം കൈകളെ നൽകിയത്രേ മനുഷ്യനെ പാരിലയച്ചതീശൻ" - കെ.സി കേശവപിള്ള

# അനുരാഗിണീ നിനക്കായ്

പൊഴിയുമിതളിൻ ചിറകാർന്നൊരു
മൗനം പോലും വാചാലം
തണുവാർന്നൊരു പുൽനാമ്പിൽ
സ്പർശമോ സായൂജ്യം

ജലകണമെഴുതുമൊരീ
തണുവാർന്നൊരു നിനവും
എന്നനുരാഗിണീ
നിനക്കുവേണ്ടി...

കരകാണാതെ കരയരുതേ
നീയെൻ മിഴിയിലലിയരുതേ
ചിതൽ പുകിടാം മഴ കാഞ്ഞിടാം
കാലമോ മാത്രയെന്നപോൽ നമുക്കുണരാം

കാണാതെ കൺചിമ്മി
പോയൊരാ നാളുകൾ നിന്റെ മന്ദസ്മിതം മാത്രമെന്നോ
ഉയിരിന്റെ മഷിയുള്ള പ്രണയമെന്നൊരു വരി-
മായാതെ നിൽക്കുന്നു നിനവിൽ



**Krishna M. Nair**
III DC
Computer Application

# നാം ജയിക്കും...

ഈ ലോകം നമുക്കായി തുറന്നിടും
തുറന്നിടും
ആകാശം പതിയെ അടുത്തിടും
അടുത്തിടും

വിണ്ണിലെതാരങ്ങൾ മണ്ണിലെ സ്വർഗ്ഗങ്ങൾ
കൈവെള്ളക്കുള്ളിൽ നിറയും...
ചിന്തകൾ മാറിമറയും
സ്വപ്നങ്ങൾ കൂടിനിറയും

ഒടുവിൽ നാം എല്ലാം നേടിടും...
പഴമകൾ പുതുമകളാകും
പുതുമയിൽ നിറങ്ങൾ ചേർക്കും
നിറങ്ങളാൽ ലോകം പണിതിടും
ആ നിറങ്ങളാൽ ലോകം പണിതിടും...

ആ നിറങ്ങളാൽ ചാലിച്ചെടുത്ത്
വരച്ച ചിത്രങ്ങൾ
ആ ചിത്രങ്ങൾ കൊണ്ടൊരു
മാരിവില്ല് പണിയും.
ഒരു മാരിവില്ല് പണിയും.



**Megha M. Nair**

# ഇമ്മിണി ചെറിയ കുഞ്ഞിക്കഥ





**Angel Baby**
2nd DC Thriple Main
Elocution (Malayalam) - A

1. ശ്ശോ! സ്കൂൾ ഇനി ഉടനെയെങ്ങാനും തുറക്കൂലാന്ന്.... അതിനെന്നാ നിനക്ക് ? നീ പത്തു തോറ്റപ്പം പഠിത്തം നിർത്തിയതല്ലേടീ?...

അത് നേരാ ചേട്ടാ! പക്ഷെ സ്കൂളിന്റെ മുന്നിലെ കടേൽ പേനയും ബുക്കും വിറ്റല്ലേ ചേട്ടാ അമ്മയ്ക്ക് മരുന്ന് വാങ്ങിക്കൊണ്ടിരുന്നേ?

ഫസ്റ്റ് ക്ലാസ്സിൽ പത്താം ക്ലാസ്സ് പാസ്സായതിന്റെ കടലാസ് വെറുതെയൊന്ന് എടുത്ത് നോക്കി അന്ന് രാത്രി അവളൊന്ന് കരഞ്ഞു.

2. തിരക്കുള്ള ബസ് സ്കൂളിന്റെ മുന്നിലെത്തി. നിന്ന് തിരിയാൻ ഇടമില്ലാത്ത ബസും പുറത്ത് നല്ല മഴയും. മുന്നിൽ നിന്നവളുടെ മുടിയിലെ കാച്ചിയ എണ്ണയുടെ മണം എന്നെ മത്ത് പിടിപ്പിച്ചു. അവളുടെ മാറിലൊന്ന് ആഞ്ഞു അമർത്തി അടുത്ത സ്റ്റോപ്പിൽ ഇറങ്ങി.

വീട്ടിൽ ചെന്നപ്പോ ഒരു മൂകത... പെങ്ങളെ ആരോ ബസ്സിൽ വച്ച് !!...

3. മരിക്കാനും സമ്മതിക്കൂലാ.... താൻ എന്തിനാടോ എന്നെ രക്ഷിച്ചേ എന്റെ പ്രശ്നമൊക്കെ താൻ തീർക്കുമോ ? ഓരോന്നുങ്ങൾ വന്നോളും അയാളുടെ ഒരു ചിരി... ഒന്നു പോയി തരുവോ? അയാളെ പ്രാകി ഞാൻ കിടന്നുറങ്ങി...

പിറ്റേ ദിവസം റൗണ്ട്സിനു വന്ന ഡോക്ടർക്ക് അയാളുടെ അതേ മുഖം.... കൈത്തണ്ടേൽ ആണേ ഒരു വല്യ ഉണങ്ങിയ മുറിപ്പാടും...

4. ഓ... എന്നാ ഒരു പെങ്കൊച്ചാ അത്... മുതിർന്നോരു എത്ര പേരാ നിക്കണേ... എന്നിട്ടും ഒരു കുലുക്കോം ഇല്ലാതെ ഇരിക്കണെ കണ്ടില്ലേ... ഞാൻ മനസ്സിൽ പറഞ്ഞു.

കുറച്ചുനേരം കഴിഞ്ഞ് ബസ് ഇറങ്ങി തിരിഞ്ഞ് നോക്കാതെ ഓടിയ അവളുടെ വെള്ള പാവാടയിൽ ഒരു ചുവന്ന പാട്.

5. ഓരോ തവണയും ചവിട്ട് കിട്ടിയപ്പോള് അവൾ ഉറക്കെച്ചിരിച്ചു... പിന്നെയിം പിന്നെയും അതിനു വേണ്ടി കാത്തിരുന്നു... അങ്ങനെ അവൾ... തന്റെ ഉള്ളിലെ ജീവനെ സ്നേഹിച്ചൊരു അമ്മയായി...

മറ്റൊരുവൻ ചാർത്തിയ സിന്ദൂരവും അണിഞ്ഞ് തിരകൾ അഴിഞ്ഞാടുന്ന കടൽ തീരത്തിരിക്കുന്ന അവളുടെ തോളിലേയ്ക്ക് ചാഞ്ഞുകിടന്നുകൊണ്ട്, അവൻ പറഞ്ഞു.

"നിന്നെ പോലെ ആകാൻ അവൾക്കൊരിക്കലും ആകില്ല. അതുകൊണ്ട് ഞങ്ങൾ പിരിയാൻ തീരുമാനിച്ചു."

ഇതുകേട്ടയുടൻ,
അവൾ തന്റെ പ്രണയിതാവിനോടായ് പറഞ്ഞു.
എനിക്കു നിന്നെ ഇഷ്ടമാണ്
നിന്നെ സ്നേഹിച്ചപോലെ ഈ ലോകത്ത്
വേറെ ആരെയും എനിക്ക് സ്നേഹിക്കാൻ കഴിയില്ല..
പക്ഷേ ഒരു കാര്യം അറിയാമോ
നിന്നേക്കാളേറെ എനിക്ക് അവനെ ഇഷ്ടമാണ്"
ഓരോ ആളുകൾക്ക് സ്നേഹം നൽകുന്നത് ഓരോ രീതിയിലാണ്...
പക്ഷേ ആ സ്നേഹത്തിന്റെ തീവ്രതയ്ക്ക് നന്നേ വ്യത്യാസമുണ്ട്.
ഒരാളെ സ്നേഹിച്ച പോലെ മറ്റൊരാളെയും
സ്നേഹിക്കണം എന്ന വാശിയാണ്
നമ്മളിലെ പൂർണ്ണ അനുരാഗിയെ കൊല്ലുന്നത്.

അതിനാൽ,

എല്ലാവരേയും ഒരേ രീതിയിൽ സ്നേഹിക്കാൻ ശ്രമിക്കരുത്.
അതിന് നിങ്ങൾക്ക് സാധിക്കില്ല.
കാരണം,

ആരും ആർക്കും പകരക്കാരാകില്ല.



Nandana Satheesh
II DC English Triple Main



# കാലം

എന്നിലെ ഓരോ ഓർമ്മകളും ഒരു പൂവ് പോൽ
കൊഴിഞ്ഞുവീണിരുന്നെങ്കിൽ
പതിയെ ഞാനും എന്നിലെ മോഹങ്ങളും
മണ്ണോട് ചേർന്നിരുന്നെങ്കിൽ




**Parvathy Nayana**
III DC B.Com Computer Application

എൻ ഉള്ളിലെവിടെയോ ഒരു നഷ്ട
പ്രണയത്തിന്റെ ഓർമ്മകൾ
ഭൂതകാലത്തിലേയ്ക്ക് തിരികെ
ക്ഷണിക്കും പോലെ....

ഈ ഒരു വസന്തം ഇവിടെ
കൊഴിഞ്ഞിരുന്നെങ്കിൽ... പതിയെ അയാളും
അയാളൊടൊത്തുള്ള ഓർമ്മകളും
മാഞ്ഞുപോയിരുന്നെങ്കിൽ...

ഇന്നീ ഹൃദയം മറ്റാരുടെയോ ആണ്.
ഈ പ്രണയവും മറ്റാർക്കോ അവകാശപ്പെട്ടതും
കാലങ്ങൾ കഴിയും. പതിയെ ഞാനും എന്റെ മോഹങ്ങളും
മണ്ണോടു ചേരുമ്പോൾ നീ അറിയും...
എന്നിലെ പ്രണയത്തിനും ഒരു വസന്തം
നൽകുവാൻ കഴിയുമായിരുന്നു എന്ന്...







വാണികൃഷ്ണ കെ.
II DC English

എല്ലാ വർഷത്തേയും പോലെ തന്നെ അവൾ തന്റെ ഇലകൾ പൊഴിക്കുവാൻ തയ്യാറെടുത്തു. വിഷുകാലമാണ് തനിക്ക് പൂക്കേണ്ട സമയമായി എന്ന വസ്തുത അവൾ തന്റെ ഓരോ ഇലകളേയും പറഞ്ഞു മനസ്സിലാക്കി. തെല്ലും വിഷമത്തോടെയെങ്കിലും അവൾ അവരെ തന്നെ തഴുകാൻ വന്ന ഇളം കാറ്റിനൊപ്പം പറഞ്ഞയയ്ക്കുവാൻ തുടങ്ങി. തന്റെ വസന്തകാലം അവൾക്ക് എന്നും പ്രിയപ്പെട്ടതായിരുന്നു. തന്റെ തേൻ നുകരാൻ വരുന്ന മഞ്ഞപ്പാപ്പാത്തിയും വിഷുപ്പക്ഷിയും എല്ലാം അവൾക്ക് എന്നും ഒരാനന്ദമായിരുന്നു.

മീനമാസത്തിന്റെ പാതി ആയതേ ഉള്ളുവെങ്കിലും വേനൽ കനത്തു. തന്റെ ഓരോ ഇലകളേയും യാത്രയാക്കി അവൾ പൂക്കുവാൻ തുടങ്ങി. അണ്ണാറക്കണ്ണൻമാർ കലപില പറഞ്ഞു, ചാടി നടക്കുന്ന വണ്ണാത്തിപ്പുള്ളുകൾ പാറിനടക്കുന്ന മഞ്ഞപ്പാപ്പാത്തികൾ, നൃത്തം ചവിട്ടുന്ന പൂത്തുലഞ്ഞു നിൽക്കുന്ന തന്റെ രൂപം അവൾ സ്വപ്നം കാണുവാൻ തുടങ്ങി.

തന്റെ പൂക്കൾ പറിക്കുവാൻ മേടമാസത്തലേന്ന് പ്രായഭേദമെന്യേ കുട്ടികളും, മുതിർന്നവരും എത്തുന്ന കാര്യം ഓർത്തപ്പോൾ തന്നെ അവൾക്ക് കുളിരുകോരി. തന്റെ പൂക്കൾ അനേകം വീടുകളിലെ വിഷുക്കണിയുടെ ഭാഗമാകുന്നതു കാണാൻ അവൾക്കു തിടുക്കമായി. തന്റെ കൊന്നപ്പൂക്കൾ കൂടാതെ മലയാളികൾക്ക് വിഷുക്കണിയെക്കുറിച്ച് ചിന്തിക്കാൻ കൂടി പറ്റില്ലായെന്നോർത്തപ്പോൾ തെല്ല് അഹങ്കാരത്തോടെ അവൾ തലയുയർത്തിനിന്നു.

ഈ സ്വപ്നത്തിൻ മധുരം നുകർന്നുകൊണ്ട് അവൾ ദിനരാത്രികൾ തള്ളിനീക്കി അങ്ങനെ മേടമാസത്തലേന്നു വന്നുചേർന്നു. പതിവുപോലെ വണ്ണാത്തിപ്പുള്ളും, മഞ്ഞപ്പാപ്പാത്തിയും കുഞ്ഞൻവണ്ടുമൊക്കെ അവളുമായി സല്ലപിക്കാൻ എത്തി. പതിവു തെറ്റിക്കാതെ തന്നെ സാവിത്രിയമ്മ തന്റെ കാര്യസ്ഥന്റെ സഹായത്താൽ ഒരുകുലപ്പൂവ് അടർത്തിവച്ചു.

അത് എല്ലാ കൊല്ലവും പതിവാണ്. അല്ലെങ്കിൽ സന്ധ്യ മയങ്ങുമ്പോളേത്തും സാമാന്യം ഉയരത്തിലെ പൂക്കൾ എല്ലാം തീരും കാരണം ആ പ്രദേശത്തെ മുഴുവൻ വീടുകളിലേയും കണി സാവിത്രിയമ്മ തന്റെ മറ്റു ചെടികളുടെ കൂടെ പരിപാലിക്കുന്ന നമ്മുടെ കൊന്ന മരത്തിൽ നിന്നാണ്. തന്റെ കാര്യസ്ഥനെ കൊണ്ട് മറ്റാളുകൾക്ക് പ്രയാസം കൂടാതെ പൂ പറിക്കുവാൻ വേണ്ടി കോവണിയും ഒരു തോട്ടിയും കൊന്നമരത്തിന്റെ ചുവട്ടിൽ വട്ട് അവർ മടങ്ങി. പതിവുതെറ്റാതെയുള്ള ഈ പ്രവൃർത്തികൾ കണ്ട് അവൾ ആനന്ദത്താൽ നൃത്തമാടി.

എങ്കിലും വണ്ണാത്തിയുടെയും, മഞ്ഞപ്പാപ്പാത്തിയുടെയും മുഖത്ത് എന്തോ ഒരു മ്ലാനത അവൾ അത് കാര്യമാക്കാതെ തന്റെ പൂവ് അടർത്താൻ വരുന്ന അതിഥികളെയും കാത്തിരുന്നു. നേരം ഉച്ചയോടടുത്തു, സൂര്യൻ ഉച്ചിയിൽ കത്തിനിൽക്കുന്നു, ആരെയും കാണുന്നില്ല. എപ്പോഴും തന്റെ ഒപ്പം നിൽക്കുന്ന മഞ്ഞപ്പാപ്പാത്തിപോലും ഇന്ന് അകന്നുനിൽക്കുന്നു. അവളുടെ മുഖത്തെ വിഷാദഭാവം കൂടി കൊണ്ടും ഇരുന്നു. വെയിലിനു നല്ല ചൂടുണ്ട് അതാകും ആരും വരാത്തത് എന്നോർത്ത് അവൾ ആശ്വസിച്ചു. വീണ്ടും അവൾ കാത്തിരിപ്പുതുടങ്ങി. സമയം 4 കഴിഞ്ഞു. ഇതുവരെയും ആരും വന്നില്ല തന്റെ പതിവും സന്ദർശകരെപ്പോലും കാണാത്തതുകൊണ്ട് അവളുടെ മനസ്സുപിടഞ്ഞു.

ഉമ്മറപടിയിൽ ഇരുന്ന് കൃഷ്ണൻ ഫോൺ ചെയ്യുന്നുണ്ട്. "ഇക്കെല്ലാം ഇനി എന്ത് വിഷു. എല്ലാം കൊണ്ടുപോയില്ലേ" എന്നു അങ്ങെ തലയ്ക്കൽ ഇരിക്കുന്ന സുഹൃത്തിനോട് പറയുന്നത് അവൾ കേട്ടു. കണിവെയ്ക്കാൻ വെള്ളരിക്ക കിട്ടിയില്ല എന്ന പരിഭവം സാവിത്രിയമ്മ തന്റെ മരുമകളോടു പറയുന്നതും കേൾക്കാം. അവൾക്ക് എന്തോ പന്തികേടു മണത്തു. കുറച്ചു ദിവസങ്ങളായി വീട്ടിൽ എല്ലാവരും ഉണ്ട്. ആരും പുറത്തുപോലും ഇറങ്ങുന്നില്ല. കൃഷ്ണൻ വല്ലപ്പോഴും പുറത്തുപോയി വരുന്നതും കാണും. സ്ഥിരം സന്ദർശകരുള്ള വീട്ടിൽ ഇപ്പോൾ ആരും ഇല്ല താനും. പക്ഷേ ഇതൊന്നും മേടമാസത്തെ വരവേൽക്കുവാൻ ഉള്ള ആനന്ദത്തിൽ അവൾ ശ്രദ്ധിച്ചിരുന്നില്ല. ഈ നിശബ്ദതയ്ക്കുപിന്നിലും, തന്റെ വണ്ണാത്തിയുടെയും മഞ്ഞപ്പാപ്പാത്തിയുടെയും വിഷമത്തിനു പിന്നിലും എന്തോ ഒളിഞ്ഞു കിടപ്പുണ്ടെന്ന് അവൾക്ക് മനസ്സിലായി.

സന്ധ്യമയങ്ങി. യാത്ര പറയുവാൻ മഞ്ഞപ്പാപ്പാത്തിയും വണ്ണാത്തിയും എത്തി. പൂത്തുനിറഞ്ഞ് തലതാഴ്ത്തി നിന്നിരുന്ന അവൾ തല ഒന്നുയർത്തി അവരോട് ഇതിനുപിന്നിലെ കാരണം ആരാഞ്ഞു. അല്പം മടിയോടെയെങ്കിലും അവർ ലോകത്തെ വിഴുങ്ങിയ മഹാമാരിയെക്കുറിച്ച് പറഞ്ഞു. അമേരിക്ക, ഫ്രാൻസ്, ഇറ്റലി, ചൈന തുടങ്ങിയ എല്ലാ വമ്പൻ രാജ്യങ്ങളെയും തന്റെ മുമ്പിൽ മുട്ടുകുത്തിച്ച കൊറോണയെപ്പറ്റി ആ മഹാമാരിയെ ചെറുക്കുന്നതിന്റെ ഭാഗമായി രാജ്യവും അവളുടെ നാടും 21 ദിവസത്തേയ്ക്ക് പൂർണ്ണമായി അടച്ചിട്ടിരിക്കുന്ന വിവരം വേദനയോടെ അവൾ മനസ്സിലാക്കി. താൻ തന്റെ സൗന്ദര്യത്തിലും, സൗഭാഗ്യത്തിലും മതിമറന്നു സ്വപ്ന ലോകത്ത് ജീവിച്ചപ്പോൾ തന്റെ ചുറ്റിനുമുള്ള ലോകത്തേയും അത് അനുഭവിക്കുന്ന വേദനകളേയും മനസ്സിലാക്കാൻ സാധിച്ചില്ലല്ലോ എന്നോർത്ത് അവൾ ലജ്ജയോടെ തലതാഴ്ത്തി.

വണ്ണാത്തിയും, മഞ്ഞപ്പാപ്പാത്തിയും പതിയെ കൂടണഞ്ഞു. താൻ മുറ്റത്തു നിൽക്കാൻ തുടങ്ങിയിട്ട് 50 വർഷമായി. ആദ്യമായിട്ടാണ് തന്റെ പൂക്കൾ പൂർണ്ണമായി ശരീരത്തിൽ വഹിച്ചുകൊണ്ട് അവൾ ഒരു വിഷുപ്പുലരിയെ വരവേൽക്കുന്നത്.

എങ്കിലും അവൾ ഉറക്കെ പാടി.

"വിഷുക്കാലമല്ലേ, കണിക്കൊന്നയല്ലോ.

പൂക്കാതിരിക്കാൻ എനിക്കാവതില്ലേ"

# അതിജീവനത്തിന്റെ നാളുകൾ

മനുഷ്യകുലമൊന്നാകെ മഹാമാരിതൻ
പിടിയമരുമ്പോഴുമെൻ
അതിജീവനത്തിന്റെ നാളുകൾ ജ്വലിച്ചുനിൽക്കേ

ലോകരക്ഷകനായ ജഗദീശ്വരൻ പോലുമെൻ
അതിജീവനത്തിന്റെ നാളുകൾ നോക്കിനിൽക്കേ
പ്രളയാനന്തരം നാം ഒരുമയായ് നേരിട്ട
ഉജ്ജ്വല ജീവനമാർഗ്ഗമാം അതിജീവനം

എന്നിലെ അതിജീവനത്തിന്റെ ദീപ്തമാം നാളങ്ങൾ
ഇന്നെന്റെ ഭൂമിയിൽ കണ്ണീർത്തുള്ളിയായ്
പെയ്തൊഴിയെ...

ഇനിയുമൊരു മഹാമാരിയെ നേരിടാൻ
കഴിയില്ലെൻ ദൈവമേ
പ്രാർത്ഥന മാത്രമാണെൻ അതിജീവനം



**Kavyamol A.B.**
III DC Malayalam





Rose Thampi

# ഏകാന്തത

നിരത്തുനിറയെ പലതരം മുഖങ്ങൾ
പരിചിതർ ചിലർ, അപരിചിതർ മറ്റുചിലർ
ചിരിക്കുന്നു ചിലർ; അപരിചിതർ മറ്റുചിലർ
ചിരിക്കുന്നു ചിലർ; കരയുന്നു മറ്റു ചിലർ
നെടുവീർപ്പുകളും നിസ്സഹായതയും
നീണ്ടുനിൽക്കുന്ന രോക്ഷവും
കൗതുകം നിറഞ്ഞ നോട്ടങ്ങളും
താനൊരു കോമാളിയെന്ന് തോന്നിപ്പിക്കുന്ന
ആൾക്കൂട്ടങ്ങളും ബഹളങ്ങളും
ഈ ജനത്തിരക്കിൽ അലിഞ്ഞ്
അവരിലൊരാളാവാൻ വെമ്പുന്ന ഹൃദയവും
"വേണ്ട വേണ്ട" എന്ന് ഉച്ചത്തിൽ
വിളിച്ചലറുന്ന തലച്ചോറും
പേറിയിതാ ഞാൻ നടന്നകലുന്നു.
ഉച്ചമയക്കത്തിന്റെ ആഴങ്ങളിൽവെച്ച്
പണ്ട് കേട്ട മുത്തശ്ശിക്കഥകളും
മുത്തശ്ശന്റെ കൂടെയിരുന്ന് ചൊല്ലിയ
നാടൻപാട്ടുകളും, ഓർമ്മകളുടെ അന്ധകാരത്തിൽ
നിന്നും ഓടിയെത്തി എന്നെയൊന്നു നോക്കി.
മച്ചിൽപ്പുറത്ത് നിന്ന് കലഹിക്കുന്ന പല്ലികളും
തട്ടിൻപുറത്ത് ഓടുന്ന എലികളും
ജനാലയ്ക്കകത്ത് വല നെയ്യുന്ന ചിലന്തികളും,
കൂട്ടിനുണ്ട്, ആരുമില്ലാത്ത ചില
മങ്ങിത്തുടങ്ങിയ ജീവിതങ്ങൾക്ക്
തുണയായി എന്നും പ്രകൃതി ഉണ്ടെന്ന തോന്നൽ
ഈ വിരസമാം ജീവിതത്തിന് എന്നെന്നും ആശ്വാസം.



ചിന്തകളുടെ ചന്ദനഗന്ധം
മറക്കും ഏകാന്തമാം
ഈ വഴിത്താരയിൽ
ഏറെ നാളായ് നീ ഏകിയ
മൗനത്തിൻ ചേതോ വികാരത്തിൽ
ഞാൻ കാത്തിരിപ്പൂ.
കാത്തിരിപ്പിന്റെ കൺചിമ്മും
ഓർമ്മകൾ കാതങ്ങൾ
അകലെ മറഞ്ഞിരിപ്പൂ.
നഷ്ടസ്വപ്നത്തിൻ രൗദ്രതാളങ്ങളിൽ
നിശയുടെ നിശബ്ദപാത്രം
വീണുടയും.
അശ്വവേഗം പോലെ പായുന്ന സമയം
അനങ്ങാ കരുക്കളായ്
മാറിനിൽക്കുന്നുവോ?
യുഗ്മഗാനം മീട്ടുമീ വീണതൻ
രാഗവും, ലയവും നീ തന്നെയല്ലേ?
അരുളാൻ മറന്ന വാക്കിൻ പൊരുളെന്ത്
പറയാതെ മുറിഞ്ഞ കാവ്യ പ്രണയകാവ്യമോ
ജാലക വാതിലിൻ കാണാപുറങ്ങളിൽ
ഞാൻ തേടുന്നതെങ്ങിനെ!
നീലകുറിഞ്ഞികൾ പൂക്കുന്ന താഴ്വരയോ
മാമ്പൂ പൂക്കും മാതക ഗന്ധമോ?
കൺചിമ്മും ഓർമ്മതൻ
കുതിച്ച് ചാട്ടത്തിൻ ഞാൻ
അറിയുന്ന ഓരെകാകിതൻ
ഏകാന്ത ഗർജ്ജനം.



Nayanthara
II DC Malayalam



# നിശബ്ദം

# ഒറ്റവരിക്കവിത


കടലാസുചിറകുകൾ തുന്നിച്ചേർത്ത്
അകലേക്കു പറക്കാൻ കൊതിച്ച
പെണ്ണായിരുന്നു അവൾ.
ആദർശങ്ങളെല്ലാം ഭദ്രമായി
അലമാരയിൽ പൂട്ടിവെച്ച്
അവൾ വീടുവിട്ടിറങ്ങി.
നിറയുന്നൊരു ചിരിയുമായി
വളരുന്ന ഓർമകളുടെ ചതുപ്പിലൂടെ
അവൾ നടന്നു.
ആദ്യമായി നുകർന്ന മുലപ്പാലിന്റെ രുചിയിൽ,
ചന്ദ്രികസോപ്പിന്റെ ഗന്ധം നിറഞ്ഞ ബാല്യത്തിൽ,
ചരടുപൊട്ടിയ പട്ടം പോലെ
പാറിനടക്കുവാനവൾ മോഹിച്ചു.
പ്രണയത്താൽ വാടിയ
ചെമ്പകപ്പൂക്കളിൽ
അവൾ തന്റെ മുഷിഞ്ഞ ഹൃദയത്തെ കണ്ടെടുത്തു.
പൊട്ടിത്തകർന്ന ഹൃദയം
അടുക്കിവയ്ക്കുമ്പോൾ
ചിതയിലെരിയുന്ന
ചില പ്രിയപ്പെട്ടവർ
മൂകരായ് പുഞ്ചിരിച്ചു.
ഒത്തുചേരാത്ത ഓർമകളുടെ
സെമിത്തേരിയിൽ
ഒറ്റവരിക്കവിതയായവൾ ഒടുങ്ങി.





Sreelakshmi T.R.
III DC Malayalam

# ഇന്റർവ്യൂ



## Actor Rathesh Krishan



മലയാള ചലച്ചിത്ര നടൻ രതീഷ് കൃഷ്ണനുമായി

രണ്ടാം വർഷ ബി.കോം ടാക്സേഷൻ വിദ്യാർത്ഥി മെൽബിൻ

നടത്തിയ അഭിമുഖം

**◆ സിനിമയിലേക് വരാനുള്ള കാരണം എന്താണ്? ... ഏറ്റവും കുടുതൽ സിനിമയിൽ നിങ്ങളെ ആകർഷിച്ച ഘടകം?**

സിനിമയിലേക്ക് വരാനുള്ള കാരണം ചോദിച്ചാൽ അതിന് പ്രത്യേകിച്ച് ഒരു ഉത്തരം തരാൻ കഴിയില്ല സിനിമയിൽ എത്തിച്ചേരുന്ന എല്ലാവർക്കും അവരുടേതായ ലക്ഷ്യങ്ങൾ കാണും ചിലർക്കൊക്കെ സിനിമ ഒരു ലക്ഷ്വറി ലൈഫിലേക്കുള്ള മാർഗമാണ് മറ്റുചിലർക്ക് അതിന് പ്രശസ്തി അങ്ങനെ ഓരോരുത്തർക്കും ഓരോ ലക്ഷ്യങ്ങൾ ഉണ്ടാകും എന്റെ ചിന്താഗതിയുള്ള ഒരു ഭാഗമുണ്ട് ഞങ്ങൾക്കൊക്കെ സിനിമ ആണ് എല്ലാം സിനിമയിലെക്ക് ആകർഷിച്ച ഘടകം എന്നൊന്നില്ല സിനിമ തന്നെയാണ് ആകർഷിച്ചത്. ഓർമ്മ വെച്ച കാലം മുതൽ സിനിമയാണ് മനസ്സിൽ അവിടെ എത്തിച്ചേരുക എന്നത് തന്നെയായിരുന്നു ലക്ഷ്യം അതിലാണ് സംതൃപ്തി ഒരുപാട് നല്ല ചിത്രങ്ങൾ ചെയ്യണം അതാണ് ആഗ്രഹം മറ്റെല്ലാം സെക്കൻഡറി മാത്രം.

**◆ താങ്കൾ ഒരു എഞ്ചിനീയർ ആയിരുന്നു എന്ന് കേട്ടിട്ടുണ്ട് നല്ല ശമ്പളം ഉണ്ടായിരുന്ന താങ്കൾ അത് ഉപേക്ഷിച്ചാണ് സിനിമയിലെ ഇറങ്ങിത്തിരിച്ചത് എന്നാണ് അറിയാൻ കഴിഞ്ഞത് സിനിമയിലേക്ക്**

**വരാൻ ആഗ്രഹിച്ചിരുന്നു താങ്കൾ അങ്ങനെ ഒരു ഫീൽഡിലേക്ക് പോകാൻ കാരണം?**

സിനിമ തന്നെയായിരുന്നു മനസ്സിൽ സിനിമ ചെയ്ത് ജീവിക്കണം സിനിമയ്ക്കൊപ്പം ജീവിക്കണം ഇതൊക്കെയാണ് അന്നും ഇന്നും എന്നും മനസ്സിൽ എങ്കിലും വീട്ടുകാർക്ക് സംതൃപ്തക്കും മറ്റു ചില സാഹചര്യങ്ങൾ കൊണ്ടും സെറ്റിൽ ആകേണ്ട ആവശ്യമുണ്ടായിരുന്നു അതുകൊണ്ടുതന്നെ നന്നായി പഠിക്കുകയും നല്ലൊരു ജോലി കണ്ടെത്തുകയും ചെയ്തു പഠനം ആയാലും അഭിനയം ആയാലും ഏതു മേഖലയിലായാലും നമ്മുടെ കഴിവിനെ മാക്സിമം ഉപയോഗിക്കാൻ നമുക്ക് കഴിയണം അതുകൊണ്ട് നല്ല ശമ്പളമുള്ള ഒരു ജോലി ലഭിച്ചിരുന്നു പക്ഷേ ആ ജോലി ചെയ്യുമ്പോളും നല്ലൊരു തുക മാസാമാസം കയ്യിൽ വാങ്ങിക്കുമ്പോളും മനസ്സിൽ സംതൃപ്തി ഉണ്ടായിരുന്നില്ല കാരണം മനസ്സിൽ സിനിമ മാത്രമായിരുന്നു

- **എങ്ങനെയാണ് സിനിമയിലെത്തിയത് ആദ്യത്തെ ചിത്രം ഏതാണ്?**

ഷോർട്ട് ഫിലിമുകൾ ആണ് ഞാൻ ആദ്യമായി ചെയ്തുകൊണ്ടിരുന്നത് പന്ത്രണ്ടോളം ഷോർട്ട് ഫിലിം ഞാൻ ചെയ്തിട്ടുണ്ട് അതിൽ പലതും നന്നായി ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട് അങ്ങനെ എനിക്ക് ആദ്യമായി അവസരം കിട്ടിയത് ഗോകുൽ സുരേഷ് നായകനായ മുത്തുഗൗ ൽ ആണ് അതിൽ ലഭിച്ചത് ഒരു ചെറിയ സീൻ ആയിരുന്നു അതിൽ അഭിനയിക്കാൻ പോകുമ്പോഴാണ് ഞാനാദ്യമായി എന്റെ ദൈവത്തിന് മെസ്സേജ് അയക്കുന്നത് അത് മറ്റാരുമല്ല മെഗാസ്റ്റാർ മമ്മൂക്ക ചെറുപ്പം തൊട്ടേ ഞാൻ ഒരു മമ്മുക്ക ഫാൻ ആയിരുന്നു അങ്ങനെ ഒരു വഴിയിലൂടെ ഞാൻ മമ്മൂക്കയുടെ നമ്പർ ഒപ്പിക്കുകയും അനുഗ്രഹം ചോദിച്ച് മെസേജ് അയക്കുകയും ചെയ്തു എന്നെ ഞെട്ടിച്ചുകൊണ്ട് എനിക്ക് അവിടുന്ന് ഒരു ഓൾ ദ ബെസ്റ്റ് കിട്ടി അത് വലിയൊരു കോൺഫിഡൻസും പ്രചോദനവുമായിരുന്നു പിന്നീട് ഇടയ്ക്കൊക്കെ മമ്മൂക്കക്ക് സുഖവിവരം തിരക്കി മെസ്സേജ് അയച്ചിരുന്നു ഒരിക്കൽ എനിക്ക് ഒരു കോൾ വന്നു മമ്മൂക്ക പറഞ്ഞിട്ട് വിളിക്കുകയാണ് എന്ന് പറഞ്ഞപ്പോൾ ആദ്യം ഞാൻ വിചാരിച്ചത് കൂട്ടുകാർ ആരോ പറ്റിക്കാൻ വിളിക്കുകയാണ് എന്നാണ് അതുകൊണ്ടുതന്നെ വിളിച്ച് ആളോട് അത്ര മാന്യമായി സംസാരിക്കാൻ കഴിഞ്ഞില്ല പിന്നീട് അവർ പറഞ്ഞു അബ്രഹാമിന്റെ സന്തതികൾ ൽ ഒരു നല്ല വേഷം കൊണ്ട് വന്നു ചെയ്യണമെന്ന്. ആദ്യമൊക്കെ വിശ്വസിച്ചില്ലെങ്കിലും പിന്നീട് എനിക്ക് മനസ്സിലായി അത് സത്യമായിരുന്നു. മമ്മൂക്കയാണ് എനിക്ക് എല്ലാം മമ്മൂക്ക ഇല്ലെങ്കിൽ ഞാനില്ല.

- **ഏത് തരം സിനിമ ചെയ്യാനാണ് ഇഷ്ടം നായകനാണോ വില്ലൻ ആണോ കൂടുതൽ ഇഷ്ടം?**

ഇന്നത്തെ കാലത്ത് നായകനോ വില്ലനോ വേർതിരിവുകളില്ല വില്ലൻ നായകനാകുന്ന സിനിമകൾ പോലും ഇന്നിറങ്ങുന്നു എനിക്ക് വില്ലനോ നായകനോ എന്നത് പ്രശ്നമല്ല നല്ല കഥാപാത്രങ്ങൾ കിട്ടണം അതാണ് ആഗ്രഹം ഇതിനപ്പുറം എന്തായാലും പ്രശ്നമല്ല ഒരു ആർട്ടിസ്റ്റ് ഏതുതരത്തിലുള്ള റോളുകളും ചെയ്യാൻ തയ്യാറായിരിക്കണം ഒരുപാട് നല്ല സിനിമകൾ ചെയ്യണമെന്ന് ആഗ്രഹമുണ്ട് ദൈവം അതിന് സഹായിക്കും എന്ന് വിചാരിക്കുന്നു. ഒരുപാട് വലിയ നിലയിൽ ആയിട്ടില്ലെങ്കിലും അത്യാവശ്യം ചെയ്ത സിനിമകൾ നല്ല സിനിമകൾ ആയത് അഭിമാനിക്കുന്നു പിന്നെ മമ്മൂക്കയെ പോലൊരു മഹാനടനൊപ്പം സ്ക്രീൻ ഷെയർ ചെയ്യാൻ പറ്റുക എന്നത് മഹാഭാഗ്യമായി ആണ് കാണുന്നത് ഇനിയും ഒരുപാട് സിനിമകൾ അങ്ങനെ ചെയ്യാൻ കഴിയണം എന്നാണ് ആഗ്രഹം.



**◆ ഇങ്ങനെ സിനിമയിൽ കമ്മിറ്റഡ് ആയി നിൽക്കേണ്ടി വരുമ്പോൾ ഫാമിലിയുമായി അറ്റാച്ച്മെന്റ് കുറയുന്നുണ്ടോ?**

എനിക്ക് ഭാര്യയും രണ്ട് ആൺകുട്ടികളും ആണുള്ളത് സന്തുഷ്ട കുടുംബം എന്നെ ഏറ്റവുമധികം സപ്പോർട്ട് ചെയ്യുന്നത് എന്റെ ഭാര്യയാണ് അവളാണ് എന്റെ ബാക്ക് ബോൺ എല്ലാ സാഹചര്യത്തിലും അവൾ എനിക്കൊപ്പമുണ്ട് ഫാമിലിയുമായി അറ്റാച്ച് മെന്റ് കുറയാറില്ല ഇനി കുറയുകയും ഇല്ല ഞങ്ങൾ എന്നും സംസാരിക്കും എവിടെയാണെങ്കിലും എത്ര തിരക്കിലും ഞാൻ അവളെ വിളിക്കും ഫ്രീ ടൈം കിട്ടുമ്പോൾ ഒക്കെ വീട്ടിൽ പോകും ഞങ്ങൾ ഇപ്പോൾ ബാംഗ്ലൂരാണ് സെറ്റിൽഡ് സിനിമയ്ക്കായി വിട്ടു നിൽക്കുമ്പോൾ കുറച്ചു സങ്കടം തോന്നാറുണ്ട് എങ്കിലും നാളെ ഒന്ന് സെറ്റായി കഴിഞ്ഞു നല്ല രീതിയിൽ മുന്നോട്ടു പോകാമെന്ന് പ്രതീക്ഷയുണ്ട്

**◆ പുതുതായി സിനിമയിൽ വരാൻ ആഗ്രഹിക്കുന്നവരോട് എന്താണ് പറയാനുള്ളത്?**

നിങ്ങളെക്കൊണ്ട് പറ്റുന്നത്ര ശ്രമിക്കുക ഒരിക്കലും തളരരുത് നിങ്ങൾ അതിയായി ആഗ്രഹിച്ചാൽ സിനിമ തീർച്ചയായും നിങ്ങളുടെ വഴിക്ക് വരും സിനിമയെ സ്നേഹിക്കുക സിനിമ നിങ്ങളെയും സ്നേഹിക്കാൻ തുടങ്ങും. ഒരു നല്ല മനുഷ്യൻ ആയിരിക്കുക വന്ന വഴികൾ മറക്കാതിരിക്കുക കഴിവുണ്ടോ എന്ന് സ്വയം പരീക്ഷിക്കുക ഉണ്ടെന്നു ഉറപ്പായാൽ തോൽക്കാതെ പോരാടുക ഒരിക്കൽ വിജയം നിങ്ങളെ തേടി വരും.

# The Illusion within me



"A lonely existence, shackled by intellectual curiosity,
I lived inside my mind,
Unheard, unseen and known by  none.

My happiness lies in my dreams,
The world within me is my salvation, my truth and
Only place where I truly belong.

There is no place in this world for someone like me,
A monster disguised as human.
No one can understand me nor love me the way I do to myself...
Oh, I never existed here but only in my dreams.

My shadow and the loneliness within me never left me,
and was always by my side unlike others.
L lived within my imagination unaware of time.

Creating abstract ideas, analysing and thinking,
L lived my entire life inside my head.
In that grieve loneliness and solitude I found warmth and comfort.

My world is filled with dark sky's when my heart is confussed.
It rains when my heart grieves,
I fear rain in this lonely world

I Struggled and writhe to keep up with the reality.
Captivated by dreams,
Will I ever wake up from this dream?"



**Asif**

**II DC Triple Main**



# അമ്മ എന്ന നന്മ

അമ്മ. അമ്മ എന്ന രണ്ടക്ഷരത്തിൽ ഉത്ഭവിക്കുന്ന ഒരു ലോകമുണ്ട്. ലോകത്തിൽ മറ്റാർക്കും പകരം വെക്കാനാവാത്ത ഒരേ ഒരു വ്യക്തി. ഭ്രൂണമായി അമ്മയുടെ ഉദരത്തിൽ ജനിച്ചതുമുതൽ നാം ഓരോരുത്തരും അനുഭവിക്കുന്ന കരുതലാണ് അമ്മയുടേത്. നാം എത്രതന്നെ വളർന്നാലും ഒരു കുഞ്ഞിനോട് കാട്ടുന്ന സ്നേഹവും കരുതലും സംരക്ഷണവും ലഭിക്കുന്ന ഒരേ ഒരു സ്രോതസ്സ്, അത് നമ്മുടെ അമ്മയാണ്. കുന്നുകളോളം തെറ്റുകൾ ചെയ്താലും നമ്മുടെ നന്മകളെ നോക്കി നമ്മെ സ്നേഹിക്കുന്ന വളാണ് അമ്മ. നമുക്കു എന്ത് ദുഃഖം വന്നാലും അമ്മയുടെ ഒരു വിളി മതിയാകും അതെല്ലാം മറക്കാൻ, അമ്മയുടെ പുഞ്ചിരിക്കുന്ന മുഖം മതിയാകും അതെല്ലാം അപ്രത്യക്ഷമാകാൻ. ഭൂമിയിൽ അവതാരമെടുത്ത ദൈവമാണ് അമ്മ എന്ന് പറയുന്നത് ഒരിക്കലും വെറുതെയല്ല. നാം ഓരോരുത്തരും അനുഭവിച്ചറിഞ്ഞ സത്യമാണത്. വെളുപ്പിനെ മുതൽ അന്തിയോളം അടുക്കളയുടെ ചൂടിൽ വെന്ത് നീറിയാലും അമ്മയോട് നാം ചോദിക്കുന്ന ഏക ചോദ്യം അമ്മക്ക് ഇവിടെ എന്ത് പണിയാണുള്ളത്? അമ്മയില്ലാത്തപ്പോൾ അടുക്കളയിലേക്ക് ഒന്ന് കയറി നോക്കുക, ആ ചുമരുകൾക്ക് പറയാൻ ഒരുപാട് കഥകൾ ഉണ്ടാവും. ആ ശൂന്യതയിൽ നമ്മുടെ അമ്മയെ നമുക്ക് മനസ്സിലാക്കാൻ സാധിക്കും. നമ്മുടെ ജീവിതത്തിൽ നമുക്കു ലഭിക്കാവുന്ന ഏറ്റവും വലിയ പുണ്യമാണ് അമ്മ. നാം വീടുകളിൽ നിന്ന് അകന്നു ദൂരസ്ഥലങ്ങളിലേക്കു പോകുമ്പോൾ ആ നെഞ്ച് പിടയുന്നത് നമ്മിൽ പലരും അനുഭവിച്ചിട്ടുണ്ടാകും. ഒരിക്കലും വറ്റാത്ത സ്നേഹ സമുദ്രമാണ് ഓരോ അമ്മമാരും. എപ്പോൾ ചെന്നാലും നെഞ്ചോട് ചേർത്ത് പിടിച്ച് ആശ്വസിപ്പിക്കുന്ന ഒരാൾ വീട്ടിൽ കാത്തിരിക്കുന്നു എന്ന ചിന്ത മതി നമ്മുടെ ഒറ്റപ്പെടലുകളും സങ്കടങ്ങളും അകന്നു കിട്ടാൻ! കണ്ണുന്നിൽ കാണുന്ന ദൈവത്തെ വൃദ്ധസദനങ്ങളിൽ കൊണ്ട് പോയി ഉപേക്ഷിച്ചിട്ട്, കാണാത്ത ദൈവങ്ങൾക്ക് എത്ര തന്നെ സ്തുതി ഗീതങ്ങൾ പാടിയാലും ഒരു ഉപകാരവും ഉണ്ടാവുന്നില്ല. നഷ്ടപ്പെടുന്നത് വരെ അതിന്റെ വില മനസിലാക്കാൻ സാധിക്കാത്ത പലതും നമ്മുടെ ഇടയിൽ ഉണ്ട്. അതിൽ ഒരു ഇതിഹാസമാണ് അമ്മ. അങ്ങനെ ഒരു അവസ്ഥ ഒരിക്കലും നമ്മുടെ ജീവിതത്തിൽ ഉണ്ടാകാൻ ഇടവരരുത്. സ്വന്തമായതെന്ന് പൂർണമായി പറയാൻ സാധിക്കുന്ന ഒന്നേ ഉള്ളു. അത് നമ്മുടെ അമ്മയാണ്. അതിനാൽ അമ്മ എന്ന പുണ്യത്തെ സ്നേഹിക്കുക, വീണ്ടും വീണ്ടും സ്നേഹിക്കുക, നാം ഒരു ഓർമ്മയാകും വരെ!



അനുഷ മരിയ ജോയ്
III DC Computer Application



# Once again



KMN

Life really makes fun of us. Sometimes it would force us to believe that we are under control of everything and within a snap of fingers we would lose the harmony forever. Things don't makes any sense in a way unless we think further and life wouldn't be easy if we think very well too. It's the balance which we seek where we could be consciously present and unconsciously take decisions. 'Deliberately dumb' that's the state of mind when we mingle with our lovable ones. That's where we cheat our intellect. But there is something which plays games with us, unconscious and paradoxical, which even possess the power to convert any serious relationships into mere comic stories – FATE.

I am lying in this bed for months and I could see the rain through the glass windows, hear its music through the droplets of glucose bottles and feel it through the tears which carry my sorrow. Spending moments in a palliative care makes us like as we have achieved senility and enlightment in our earliest phase of life. But living here is different, even when we know that there isn't a way to go back to our normal life we believe in the slightest chance, miracle. Everyone lives with this fuel – Hope. And the question is why should I be hopeful? One who have lost his only love and who couldn't even shake his finger would not possess hope. The sage who said "relationships are the key to sorrow" is

answerable before me. If sorrows are created by relations, then what's the need of this human form?

The doctor came to me for his routine check-ups with a smile and asked "did you have a good sleep"? The answer was a cough from my neighbor who was admitted previous week. He was going through a stage of coma. His wife – a fat lady and the baby was present here all along. "Yes I had" I replied to him.

Then the lady sweeper came. Her usual companion wasn't present today. I asked where he was." Oh, today is the fresher' day. I sent him to school". That made me to think about my past, my story. It was a day

like this, raining all around and everywhere. After she left me and entered into another relationship it was my responsibility to take care of my son. I went in my car to fetch him from his school. Once we were in the street, a heavy vehicle met with us and causing him to...

"Whoosh" a broom moved back and forth quickly and hit something. It was a cockroach. After hitting it with her weapon the lady went away in a rush as she forgot something. The being lied in the floor shaking its legs in a wild manner. I was thinking whether it was wishing for a comeback to its life or to the paradise of voidness – Death. It was there all along with me from the first day. Now it is suffering a fate like mine, where it could not move as it wishes.

There were days for both of us where we could flew wherever we want.

The doctor was prescribing a tonic to my neighbor for his unbearable cough. He said that the patient would survive this stage and would be discharged within days. I saw a smile at my neighbor's wife. She was in a joyful state as she had a feeling that she is regaining her life.

Whenever I hear the prayer I remember my loveable one and the incident that lead to my fate. It was at the prayer time where I and my son spend our last moments together as he was sleeping in the car later. Now it makes sense that "prayer is what acknowledges us what we are". It comes to me with my past and where worst nightmares in the history couldn't even compete with it. Another night came; each of it had the smell of death. I wished for it. I want to conquer it where I should win and possess it. There are stories about the greedy ones who were wishing for immortality, here I wish for the end of my story. There is nothing as painful as memories. It haunts you every time and conquers you without any exception. But I want to cheat with it by death.

Every dawn came up with a message that I should spent one more day here. But unevenly today I slept very well. I thought that the tonic prescribed by the doctor was effective in my neighbor's body. But that wasn't the case; he was no more a neighbor to me. He have turned into a spirit leaving his body as an evidence that he hasn't stealed anything from here to that world. There his wife and child were weeping before the body.

I wasn't capable to face her and my life too again. I turned my head and saw the ants carrying away the remaining of the cockroach.

Once again the Death humiliates me.

# Alone With Everybody

There are crowd walking along my side,
And yet I feel I walk alone.....
I laugh out loud with the people around me,
And yet I cry inside

People seem to think that they know me-
That they know me from my emotions.
My smile, my laugh and my expressions
They do not know that I'm different inside....

What you see outside is a character-
A fictional one that I made up
One that helps me hide myself
And my vulnerability from the world outside.

Without this façade that I put up
I would not be able to survive.
Every day in this life of mine
It helps me be an appealing human.

If you see me smiling at you,
Then I might not be smiling.



My façade is smiling at you
Helping me hide the pain in my soul.

"Why all this ac ting?"-you ask.
Well, if people knew my suffering
Then all I might ever get is petty sympathy
And I surely don't need that to add to my misery.

This why I feel alone, even when I'm in a crowd
This is why I feel there is no one near me...
There is no one who sees the real me, and
There is only people who sees the 'Perfect' me.

I prefer to be alone rather than suffer again
The pain and loss when a loved one leaves you
They say it is better to have loved and lost
Than not experience love at all...
But I prefer the opposite.



**Agnus**
**II DC English Literature**



# DEAR DEAREST

I was in a treasure hunt
On the way I found many treasure
Sweeter than what I thought of
One of them were you
Just a snake, your charming nature
Conquered my heart and soul
Out of nowhere, you were everything to me.

But now......
But now you are not with me
You left me and I am all alone, But
Time proved by both of us were
I could feel you,
Deep is my heart
I can hear you
From the distance
I just want to tell you,
This a thousand more times
I miss you FRIEND,
Really, I miss our bond.
Missing out all the fun we had...



**ANIT GRACE THOMAS**
2nd DC B.com co-operation

# I Too Had A Soul Mate



All of a sudden he came and said "I love you". I laughed because I never believed in love. We still remained friends, but he still had those feelings for me. He shared how he feels me and what is it like being with me. I teased him that "You are crazy". Days passed, months passed, year passed, but he didn't changed.

Do I love him? I don't know. I never believed in love and I don't want to lose a friendship with him. What if it doesn't work out, what if it intend with a hate, I don't want to lose a friend like him."Believe in love it does exist" a voice from my heart said.

"I love you ", I told it felt like I opened a box of joy, bringing a wonderful feeling.iam in love daily. Everything around me felt different. Even I laughed at silly things. All those surprises all those confessions all those promises, all those little fights felt like forever. Just want to hold his hands forever .he was crazy as I always says. My day begin and ended with him. Everything felt right that was wrong before.

I am thankful that I accepted him. He was the man that I all needed. Everything was new until I saw that he was blooming the same butterflies in others at the same time. And my love ended like a fairytale with a happy ending.

Does real love really exist? Thank you for teaching me.



**MEGHA**
II DC TRIPLE MAIN

# My beloved friend



I am in a room beloved friend, alone.
I don't know how long
How long I will wait.
Every time I asked someone
Where he is? They sedated me.

I am in great pain and
My life is a great waste.
There is no one who does
Believe and care for me.
I'm fed up with it forever.

How long should I wait?
For whom I live for?
There is no one who wishes
To answer me
I've lost my lives charm.

I'm sure he will come
For me at any cost
I'm waiting for him
To rescue me from here,
My dear beloved friend

It's hell in here with
No mercy or sympathy
For people like me who
Do survive here
I'm fed up of this place.

My minds tricks
On me exactly like everyone
I don't know why
Is he wishing to test
My patience and love

But my mind still tells me
To never leave hope.
Will he be able to
Understand how much
I loved hum and
Cared for him

The world is unfair
I have only little life left
with me for him.
Every knocks on the door
Persuades me to open

The door for him
I never lost my hope
Not for him, my beloved friend
Of course not, I wait for you-
My beloved friend, you face

Is flashing throughout my mind.
It's my last wish to see him
I never lost hope for him
Patience and tune do more
That strength or passion

Everything drives me crazy
Here but I am ready to wait
For you- my beloved friend



**Praveena Prakash**
2nd DC BA ENGLISH THRIPLE MAIN

# Welcome to society



Welcome to society

Where you have to be unique

They will delicate your opinions,

And the way your innocent mind thinks

From a young age they taught us,

To smile "nice and bright".

They are afraid to let the outsiders see

What you have to go through every night.

I'm nit sure where you'll stay,

But I must recommend

The hotel of lies,


Quite a popular site.

But before you grab your luggage,

There's a rule you have to read,

Once you enter society

They won't ever let you leave



JOEL SAN GEORGE

3rd YR ENGLISH THRIPLE MAIN



# What is so English about HOPE? Is LOVE French?

**'DO YOU THINK, HOPE, LOVE, PLAN OR FEEL IN DIFFERENT LANGUAGES?'**

"I always hope in English though my emotions are in Malayalam", said author Manu Joseph at a preview of the Times Literature festival, Delhi. I wonder why that is perhaps there is something English about hope?

Till that point I had never thought of language I hope, dream, plan, feel or get angry in. Are there a language for hope and a language for feelings? Do we use different languages for different purposes?

Undisputedly, Urdu is a language of love, by virtue of its sweet sound and the reams of love poetry written in that language. How can any other language-except French- ever compare to it? To most of us, love was always a very English feeling, very modern and as they used to say in madras 'broad-minded' .But what about when it comes to anger?



If a softer sounding language helps you express the emotion of love, does it follows that a different, louder language is more suitable for anger? It seems so. When asked Ravinder Singh in an interview, the author if 'I too had a love story', what language she gets angry in. He responded 'Definitely Punjabi!' And definitely one's language of anger is his own mother tongue.

Extreme emotions by default find the mother tongue the language you grew up with. it is when you aspire to the finer nuances of love, romance, and refined conversation that you seek the languages you great to acquire and think of as more sophisticated than others . But still, some emotions and are will always beyond language.....

The language of hope is a 'smile', a peep into the future. The language of HAPPINESS is'warmth' that spreads like sunshine within your chest. Sorrow is a clenched fist that squeezes your heart .Anger is afire that destroys your inner side. LOVE is a warm glow that light up your heart and eyes

And the deepest most meaningful language of all is often the 'LANGUAGE OF SILENCE'.

**APARNA.V.S**
2nd DC B.COM
CO-OPRATION

# മൂന്നു കവിതകൾ





**Kavya Bhaskar**
III BA Malayalam

## കാലമേ വഴി തെളിക്കുക

അനീതിയുടെ ചാട്ടുളികൾ
ഭൂഗോളത്തിന്റെ നെഞ്ചത്ത് കൊടികുത്തി
വാഴുമ്പോൾ
നേരിന്റെ മക്കൾ
നീതിക്കുവേണ്ടി
പന്തം കൊളുത്തുന്നു.

നീതിദേവതയുടെ
കണ്ണിൽ ഈയമൊഴിച്ച്
ഒരുകൂട്ടം കുലംകുത്തികൾ
ആർത്തുചിരിക്കുന്നു.

തെരുവിന്റെ മക്കൾക്ക്
ഊണില്ല ഉറക്കമില്ല!

ഒട്ടിയവയറുകൾ
രാത്രിയിലെ കറുത്ത
കഴുകൻകണ്ണുകളെ
ഭയന്നുറങ്ങുമ്പോൾ
മേടയിലെ പ്രഭുക്കൾ
പത്തായം നിറച്ചു.

ചീറിത്തെറിച്ച ചൂടുചോരയുടെ നിറം
ചോപ്പുതന്നെ!

ചോപ്പിനുണ്ടോ
ജാതിയും മതവും?

ഒരായിരം അസുരപുത്രർ
വസുധയുടെ മാറുകുത്തി-
പിളർന്ന് വിളയാടുമ്പോൾ
കാലമേ നീ വഴിതെളിക്കുക
നിനക്കുറങ്ങാൻ
നേരിന്റെ പച്ചമണ്ണുപോലുമിതാ
നഷ്ടമാകുന്നു.....



# ശരത്കാല സന്ധ്യ

നീയെന്റെ ശരത്കാല സന്ധ്യ
നനുത്ത ഹിമകണമിറ്റുവീഴുന്ന
തുടുത്ത സന്ധ്യ.

ചുവന്ന അധരങ്ങൾ തൻ
ചാറു പിഴിഞ്ഞ
മോഹസന്ധ്യ.

വിടർന്ന കണ്ണിൽ
സൂര്യനെയൊളിപ്പിച്ച്
നിലാവിന്റെ വരവിനാ -
യകമ്പടി സേവിച്ച
സിന്ദൂര സന്ധ്യ.

നീയെന്റെ ശരത്കാല സന്ധ്യ
പൊഴിയുമിലകളിലൊഴുകി -
മറയുന്ന നോവിൻ
നേർത്ത നാദങ്ങൾ .....

ശിഖരങ്ങൾ പുതുനാമ്പു കൊതിക്കെ,
നീയെന്ന സന്ധ്യയിൽ
ഞാൻ ചേക്കേറുന്നു...
നാം പ്രണയമഞ്ഞിൽ
മെയ്ചേർന്ന് പുണരുന്നു ....

# പാതി

നീയൊരു ശില്പി
ഞാനൊരു ശില്പം.
ഓരോ വളവും ഒടിവുമെന്നിൽ
നീ അതിസൂക്ഷ്മമായ്
കൊത്തിവയ്ക്കുന്നു.
ഉറച്ച ഹസ്തങ്ങളി-
ലിരച്ചിറങ്ങുന്ന
വിയർപ്പുതുള്ളിയിൽപോലും
ഞാനെന്നസത്യമൊഴുക്കുന്നു.
യുഗങ്ങൾക്കുമുൻപേ -
നാം ഹൃദയംകൊണ്ട്
പുണർന്നവർ
ഉടൽ ചേർന്ന്
തളിർത്തവർ ....
അധരങ്ങളിൽ
ഹിമലോകം കണ്ടവർ ...
കൺകളിൽ മായാലോകം
തീർത്തവർ

പാതി മുറിഞ്ഞകമൊരുവള
അഗ്നിപ്രവേശം.
നീ ...... വൈരിയും ......

വീണ്ടുമുയർപ്പ് ....
വൈരാഗി നീ ...
ശില്പിയും നീ....



എത്രയെത്ര യാമങ്ങൾ
ആവേശമോടെ നിന്നെ
തൊട്ടുണർത്തി..!

നിനക്കോ .... വിരക്തി !

ഞാൻ നിന്റെ പാതി !
നീയെന്റെ നാഥൻ !

കാലം കാത്തുവെയ്ക്കും
നിമിഷം ....
അതു ഭവിക്കട്ടെ.....
അതു തന്നെ ഭവിക്കട്ടെ.....

ഞാൻ നിന്റെ പാതി
നീയെന്റെ നാഥൻ...!
ഞാൻ ,
നീ തീർത്ത സുന്ദരശില്പം .....
യുഗങ്ങൾക്കു മുൻപേ
നിന്നിൽ പടർന്നവർ ....
ഞാൻ നിന്റെ പാതി

നീയില്ലാതെ
ഞാനെങ്ങനെ
പൂർണ്ണമാകും??

# Thanks

മുൻപേ നടന്ന് വഴികാട്ടിയവർക്കും
കൂടെ നടന്ന് ശക്തി പകർന്നവർക്കും
പുറകിൽ നിന്ന് പിന്തുണച്ചവർക്കും
കലാസൃഷ്ടികൾ നൽകിയവർക്കും
പ്രതിസന്ധികൾ തരണം
ചെയ്യുവാൻ പ്രോത്സാഹിപ്പിച്ച
പ്രിൻസിപ്പാളിനും അദ്ധ്യാപകർക്കും
ചമൽക്കാരങ്ങളോടെ ഈ മാഗസിൻ
സാർത്ഥകമാക്കിയ എല്ലാവർക്കും
കൃതജ്ഞതാപൂർവ്വം കൂപ്പുകൈ...

എഡിറ്റർ

# ONAM CELEBRATION











# DEVAMATHA NEW BLOCK INAUGURATION









